# Trichur Archdiocesan Bulletin

ഡിസംബർ 2020
വാല്യം: 87 ലക്കം: 12
ESTD:1934



നമുക്ക് ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു (ഏശയ്യാ 9 : 6 )

Estd. 1887
ARCHDIOCESE OF TRICHUR

TAB




മാർ ജേക്കബ് തൂങ്കുഴി

13
DECEMBER

മാർ ആൻഡ്രൂസ് താഴത്ത്



**അഭിവന്ദ്യ പിതാക്കന്മാർക്ക്**
**ജന്മദിനാശംസകൾ**



Trichur Archdiocesan Bulletin TAB

ESTD:1934


**ഡിസംബർ 2020**

ലക്കം:1 2 വാല്യം: 8 7

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org


## ഈ ലക്കത്തിൽ


| | |
|---|---|
| സർക്കുലർ | 4 |
| കുടുംബങ്ങൾക്കുള്ള കത്ത് | 6 |
| കച്ചേരിക്കാര്യം | 11 |
| നാളാഗമം | 18 |
| നാമകരണ നടപടികൾ | 21 |
| പാലയൂർ തീർത്ഥകേന്ദ്രം | 25 |
| സാമ്പത്തിക കാര്യാലയം | 27 |
| വൈദികർ | 28 |
| സന്യസ്തർ | 30 |
| വിശ്വാസപരിശീലനം | 33 |
| സ്ഥാപനങ്ങൾ | 44 |
| സംഘടനകൾ | 63 |

1873/ 2020 C-13
04.11.2020



# സർക്കുലർ

## തൃശ്ശൂർ അതിരൂപത ഗായകസംഘ നിയമാവലി

ദൈവാരാധനയിലെ അഭേദ്യമായ ഘടകമാണ് വിശുദ്ധ ഗീതങ്ങൾ (SC 112 . ദൈവാലയ തിരുകർമ്മങ്ങളിലെ ഗാനങ്ങളിലും പ്രാർത്ഥനകളിലും വിശ്വാസികളുടെ സജീവപങ്കാളിത്തത്തിന് സഹായിക്കുന്നതിനായി പള്ളികളിൽ ഗായകസംഘങ്ങൾ ഉണ്ടായിരിക്കണമെന്നതാണ് സഭാദർശനം. ഈ ലക്ഷ്യത്തോടെ നമ്മുടെ അതിരൂപതയിലെ ഇടവകകളിലും ഗായകസംഘങ്ങൾ പുരാതനകാലം മുതൽ പ്രവർത്തിക്കുന്നുണ്ട്.

അതിരൂപതയിലെ ഇടവകകളിൽ പ്രവർത്തിക്കുന്ന ഗായകസംഘങ്ങളെ കൂട്ടിയിണക്കുക, ദൈവാലയസംഗീതത്തിന് കൂടുതൽ മെച്ചപ്പെട്ട പരിശീലനം നൽകുക, അംഗങ്ങളുടെ ആധ്യാത്മിക പരിശീലനത്തിൽ ശ്രദ്ധിക്കുക, സംഗീതമേഖലയിൽ ക്രൈസ്തവസാക്ഷ്യവും വിലപ്പെട്ട സംഭാവനകളും നൽകാൻ അംഗങ്ങളെ പ്രാപ്തരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ 'തൃശ്ശൂർ അതിരൂപത ഗായകസംഘം' എന്ന

പേരിൽ ഗായകസംഘത്തെ ഒരു ഭക്തസംഘടനയായി സ്ഥാപിച്ചിട്ടുള്ളതാണ്.


തൃശ്ശൂർ അതിരൂപത ഗായകസംഘം ഒരു ഭക്തസംഘടനയായതിനാൽ (CCEO C.401, തൃശ്ശൂർ അതിരൂപതാ നിയമാവലി, 2015 :120 § 1 , ഏകോപനസമിതിയിലെ അംഗത്വമുൾപ്പെടെ, എല്ലാ അവകാശങ്ങളും ഗായകസംഘത്തിന് ഉണ്ടായിരിക്കും. ഗായകസംഘത്തിന്റെ എല്ലാ യൂണിറ്റുകളും ഫൊറോന, അതിരൂപത സമിതികളിൽ അംഗങ്ങളായിരിക്കേണ്ടതാണ്. അതിരൂപതാധ്യക്ഷൻ നിയമിക്കുന്ന ഇടവക/ഫൊറോന/ അതിരൂപത ഗായകസംഘ ഡയറക്ടറുടെ കീഴിൽ നിയമാവലിക്ക് അനുസൃതമായി വേണം ഗായകസംഘയൂണിറ്റുകൾ പ്രവർത്തിക്കേണ്ടത്.

ഈ "തൃശ്ശൂർ അതിരൂപത ഗായകസംഘനിയമാവലി" 2020 നവംബർ 22ന് വി. സിസിലിയുടെ തിരുനാൾ ദിനത്തിൽ പ്രാബല്യത്തിൽ വരുന്നതാണ്. ഈ നിയമാവലി പ്രാബല്യത്തിൽ വരുന്നതോടെ അതിരൂപതയിലെ ഗായകസംഘവുമായി ബന്ധപ്പെട്ട മുൻനിയമാവലികളും മാർഗ്ഗരേഖകളും നിയമങ്ങളും അതിനാൽ തന്നെ റദ്ദാകുന്നതാണ്.

തൃശ്ശൂർ അതിരൂപത കാര്യാലയത്തിൽ നിന്ന്
2020 നവംബർ 04ന് നൽകപ്പെടുന്നത്

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത



Prot No: 2693/2020/S/ABP
Date: 16/Nov/2020

# കുടുംബങ്ങൾക്കുള്ള കത്ത്

**തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.**
(യോഹ3:16)

മിശിഹായിൽ പ്രിയ ബഹു. വൈദികരെ, സമർപ്പിതരെ, സഹോദരിസഹോദരങ്ങളെ, മാതാപിതാക്കളെ, യുവജനങ്ങളെ, കുട്ടികളെ,

ദൈവം മനുഷ്യനായി അവതരിച്ച ചരിത്രസംഭവം വീണ്ടും ഓർക്കുന്ന സന്തോഷസുദിനമാണല്ലോ ക്രിസ്തുമസ്. ആഗതമാകുന്ന ക്രിസ്തുമസ്സിന്റെ സന്തോഷവും അനുഗ്രഹങ്ങളും ആശംസിച്ചുകൊണ്ട് നിങ്ങൾക്കേവർക്കും കത്തെഴുതുവാൻ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. കഴിഞ്ഞ 10 മാസങ്ങളോളമായി ലോകത്തെ ഗ്രസിച്ചിരിക്കുന്ന കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലാണ് ഈശോമിശിഹായുടെ ജനനതിരുന്നാളിന് നാം ഒരുങ്ങിക്കൊണ്ടിരിക്കുന്നത്. അതിരൂപതയിലെ ഇടവകകളും സമർപ്പിതരും സ്ഥാപനങ്ങളും സംഘടനകളും സാന്ത്വനവും മറ്റും ഈ കോവിഡ് കാലത്ത്

പാവപ്പെട്ടവർക്കും കോവിഡ് ബാധിതർക്കും വേണ്ടി ജാതിമതഭേദമെന്യേ ചെയ്ത വലിയ സേവനങ്ങൾക്ക് ഞങ്ങൾ സന്തോഷവും നന്ദിയും അറിയിക്കുന്നു. കോവിഡ് മഹാമാരിയിൽ നിന്നും നമ്മെ രക്ഷിക്കാൻ ഈശോയോട് നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. ഡിസംബർ 1 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും ഭവനങ്ങളിലും പ്രത്യേക പ്രാർത്ഥനകൾ നടത്താൻ ആഹ്വാനം ചെയ്യുന്നു. (പ്രാർത്ഥനയുടെ മാതൃക ഈ കത്തിന്റെ അവസാനത്തിൽ നൽകുന്നു).

നമ്മുടെ രാഷ്ട്രത്തിന് ജാതിമതഭേദമന്യേ വലിയ സംഭാവനകളും നേതൃത്വവും നൽകിയിട്ടുള്ള സമുദായമാണ് സീറോ-മലബാർ സഭ. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, ജീവകാരുണ്യപ്രവർത്തനം, പൊതുപ്രവർത്തനം, കാർഷിക-വാണിജ്യ-വ്യവസായ രംഗങ്ങൾ തുടങ്ങി എല്ലാ മേഖലകളിലും നാം വലിയ നേതൃത്വമാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി നമ്മുടെ സമുദായം ഈ മേഖലകളിലെല്ലാം പിന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. അംഗസംഖ്യ ഭയപ്പെടുത്തുന്ന രീതിയിൽ കുറയുന്നതും സംവരണം ഇല്ലാത്തതും, ന്യൂനപക്ഷാവകാശങ്ങൾ ഹനിക്കപ്പെടുന്നതും ജോലിതേടി നമ്മുടെ യുവജനങ്ങൾ നാടും വീടും ഉപേക്ഷിക്കേണ്ടിവരുന്നതും കാർഷിക-വ്യവസായ-വാണിജ്യ രംഗത്തെ പ്രതിസന്ധികളും മാറിമാറിവരുന്ന സർക്കാരുകളുടെ പല നയങ്ങളും മറ്റും മേൽപ്പറഞ്ഞ അധോഗതിക്ക് കാരണമാകുന്നു. അതിനാൽ നാം ഒത്തൊരുമിച്ച് സമുദായബോധത്തോടെ രാഷ്ട്രസേവനവും സഭാസേവനവും ലക്ഷ്യംവെച്ച് ശക്തമായി പ്രവർത്തനരംഗങ്ങളിലേക്ക് ഇറങ്ങേണ്ടിയിരിക്കുന്നു. എല്ലാ സംഘടനകളും കുടുംബ കൂട്ടായ്മകളും സാന്ത്വന-വിശ്വാസപരിശീലന പ്രവർത്തകരും വൈദികരും സമർപ്പിതരും ഈ കാര്യത്തിൽ മുൻകൈയെടുക്കണമെന്ന് ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. ഇക്കാര്യത്തിൽ സമുദായാംഗങ്ങളെ സഹായിക്കാനായി AFC (Archdiocesian Faciliation Centre) തൃശൂരിലെ കുടുംബ പ്രേക്ഷിതത്വകേന്ദ്രത്തിൽ പ്രവർത്തനമാരംഭിച്ച വിവരം നിങ്ങളെ അറിയിക്കുന്നു. സഭയെയും നമ്മുടെ വിശ്വാസത്തെയും വൈദികരെയും

സമർപ്പിതരെയുമൊക്കെ മാധ്യമങ്ങളിലൂടെയും മറ്റും ആക്രമിക്കുന്ന സഭാശത്രുക്കളുടെ പ്രവണത ഏറിവരുന്നു. യുവജനങ്ങളെ സഭയിൽ നിന്നും അകറ്റി കൊണ്ടുപോകുന്ന പ്രവർത്തനങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ നാം ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. ഹെറോദേസിന്റെ ആക്രമണങ്ങളിൽ നിന്നും ഉണ്ണിയേശുവിനെ രക്ഷിക്കാൻ വളരെയേറെ ക്ലേശങ്ങൾ അനുഭവിച്ച പരി. അമ്മയുടെയും വി. യൗസേപ്പിതാവിന്റെയും മാധ്യസ്ഥം തേടി സഭയ്ക്കും സഭാതനയർക്കുവേണ്ടി ദൈവാനുഗ്രഹത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

ഈ അവസരത്തിൽ നമ്മുടെ അതിരൂപതയുടെ പൊതു പ്രവർത്തനങ്ങളെക്കുറിച്ചും സാമ്പത്തിക സ്രോതസ്സുകളെക്കുറിച്ചും നിങ്ങളെ അറിയിക്കാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. നമ്മുടെ അതിരൂപതയുടെ മുഖ്യമായ വരുമാനമാർഗ്ഗം പള്ളികളിൽനിന്നുള്ള തെരട്ടാണ്. വിശ്വാസ പരിശീലനത്തിനും സംഘടനാ പ്രവർത്തനങ്ങൾക്കും വൈദികപരിശീലനത്തിനും ഫൊറോന പ്രവർത്തനങ്ങൾക്കും അതിലെ ഒരുഭാഗം മാറ്റിവയ്ക്കുന്നുണ്ട്. മറ്റ് പ്രധാനവരുമാന മാർഗ്ഗങ്ങൾ ചില പ്രത്യേക കവർ പിരിവുകളുമാണ്.

2020–ലെ മിഷൻ ഞായറിനോടനുബന്ധിച്ച് നൽകിയ സർക്കുലറിൽ സൂചിപ്പിച്ചിരുന്നതുപോലെ, പൊതുവായി മൂന്ന് കവർ പിരിവുകളാണ് നമ്മുടെ അതിരൂപതയിലുള്ളത്: 1. പെസഹവ്യാഴാഴ്ചയിലെ വൈദിക പരിശീലനത്തിനുള്ള പിരിവ്, 2. ഒക്ടോബർ മാസത്തിലെ മിഷൻ ഞായർ പിരിവ്, 3. ഡിസംബർ മാസത്തിലെ കാരുണ്യനിധി പിരിവ്. എന്നാൽ കോവിഡ് പശ്ചാത്തലത്തിൽ ഈ മൂന്ന് പിരിവുകളും നടത്തുക സാധ്യമായിരുന്നില്ല. മേരിമാതാ മേജർ സെമിനാരി, മഡോണ മൈനർ സെമിനാരി, ഗുരുകുലം സെമിനാരി എന്നീ സെമിനാരികളുടെ ചിലവുകൾക്കും, മറ്റ് സെമിനാരികളിലും ഡിഗ്രി കോഴ്സുകളിലും ഉള്ള നമ്മുടെ വൈദികാർത്ഥികളുടെ പഠനചിലവുകൾക്കുള്ള പ്രധാന സാമ്പത്തിക സ്രോതസ്സാണ് പെസഹവ്യാഴം പിരിവ്. നമ്മുടെ ദൈവജനം ഉദാരമായി നൽകുന്ന മിഷൻ ഞായർ പിരിവിൽ നിന്നാണ് സാർവ്വത്രിക സഭയുടെയും, സീറോ മലബാർ സഭയുടെയും, നമ്മുടെ അതിരൂപതയുടെയും (മിഷൻ പ്രദേശങ്ങളിൽ നമ്മുടെ അതിരൂപത വൈദികരുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് വരുന്ന ചിലവുകൾ അടക്കം) വിഹിതങ്ങൾ നൽകുന്നത്. ഡിസംബറിൽ നാം ശേഖരിക്കുന്ന കാരുണ്യനിധി ഫണ്ടിൽ നിന്നാണ് അതിരൂപത നിശ്ചയിക്കുന്ന പ്രത്യേക നിയോഗങ്ങൾക്കും പാവപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടിയും അതിരുപത സംഖ്യ ചിലവഴിക്കുന്നത്. എന്നാൽ കോവിഡ് സാഹചര്യത്തിൽ മേൽപറഞ്ഞ മൂന്ന് കവർ പിരിവുകളുടെ ലക്ഷ്യങ്ങൾ മുന്നിൽ

കണ്ടുകൊണ്ട് ഒരു കവർ പിരിവ് മാത്രമാണ് ഇപ്പോൾ നടത്തുന്നത്. അതിനാൽ മിഷന്റെ പേരിൽ എല്ലാ കുടുംബങ്ങളിലേക്കുമായി ഈ കത്തിനൊടൊപ്പം കവർ നൽകുന്നു.

ആവശ്യത്തിൽ ഞെരുങ്ങുന്നവരെ സഹായിക്കുവാനും അതിരൂപതയുടെ പൊതുവായ ആവശ്യങ്ങൾ മനസ്സിലാക്കിയും മുകളിൽ സൂചിപ്പിച്ച രീതിയിലുള്ള കവർ പിരിവിൽ ഏവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ സംഖ്യ 2021 – ജനുവരി 10 ന് മുൻപുതന്നെ ഇടവക വികാരി വഴി അതിരൂപത സാമ്പത്തിക കാര്യാലയത്തിലെത്തിക്കാനും താൽപര്യപ്പെടുന്നു. ബഹുമാനപ്പെട്ട വികാരിമാരും സന്യാസ സമൂഹ അധികാരികളും പ്രതിനിധിയോഗാംഗങ്ങളും കുടുബകൂട്ടായ്മ സംഘടനാ ഭാരവാഹികളും മതാധ്യാപകരും ഈ സദുദ്യമത്തിന് നേതൃത്വം വഹിക്കുവാൻ താത്പര്യപ്പെടുന്നു. നേരിട്ട് സഹായം നൽകാൻ താല്പര്യമുള്ളവർ താഴെകാണുന്ന അക്കൗണ്ട് നമ്പറിലേക്ക് അയക്കുവാൻ താൽപര്യപ്പെടുന്നു.

A/C Name: Catholic Archbishop's House, General Account,
Church Collection Fund


A/C Number: 0834053000000745;

IFSC Code: SIBL0000834; SWIFT Code:SOININ55XXX

നേരിട്ട് സംഖ്യ ബാങ്കിലേക്ക് അയക്കുന്നവർ കത്തുവഴിയോ ഈ–മെയിൽ വഴിയോ (procuratortcr@gmail.com, curiatcr@gmail.com) ആ വിവരം അറിയിക്കുവാൻ അഭ്യർത്ഥിക്കുന്നു.

നിങ്ങൾക്ക് ഏവർക്കും ക്രിസ്തുമസ്–നവവത്സരാശംസകൾ നേരുന്നു. ഉണ്ണീശോ നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും പ്രവർത്തനങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,



**മാർ ടോണി നീലങ്കാവിൽ**
തൃശ്ശൂർ അതിരൂപത
സഹായമെത്രാൻ



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത
മെത്രാപ്പോലീത്ത

## പ്രാർത്ഥന

മനുഷ്യവർഗ്ഗത്തെ രക്ഷിക്കാൻ ഭൂമിയിൽ അവതീർണ്ണനായ ഈശോയെ, ക്രിസ്തുമസ്സിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഞങ്ങളെയും ഞങ്ങളുടെ കുടുംബങ്ങളെയും സഭയെയും ലോകത്തെയും ഞങ്ങൾ അങ്ങേക്ക്

സമർപ്പിക്കുന്നു. കോവിഡ് മഹാമാരിയിൽ നിന്നും ലോകത്തെ രക്ഷിക്കണമേ. ഈ രോഗം മൂലം ക്ലേശിക്കുന്നവരെ സൗഖ്യപ്പെടുത്തുകയും രോഗിപരിചരണത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ കാത്തുപരിപാലിക്കുകയും ചെയ്യണമെ. രോഗത്തിന് പ്രതിവിധി കണ്ടെത്താൻ ബന്ധപ്പെട്ടവർക്ക് നിന്റെ കൃപയും ജ്ഞാനവും സമൃദ്ധമായി വർഷിക്കണമേ.

ഈശോമിശിഹാ നമുക്ക് സഭയിലൂടെ നൽകിയ വിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കുവാൻ ഞങ്ങളെയും വളരുന്ന തലമുറകളെയും അനുഗ്രഹിക്കേണമേ. ഞങ്ങളുടെ കുടുംബങ്ങളിൽ നല്ല മക്കളെയും ദൈവവിളികളെയും നൽകി സഭയേയും രാഷ്ട്രത്തെയും പരിപോഷിപ്പിക്കണമേ. വിവിധതരത്തിലുള്ള അക്രമങ്ങളാൽ തളർത്തപ്പെടുന്ന സഭയെ ശക്തിപ്പെടുത്തുവാൻ പ്രേക്ഷിതതീക്ഷ്ണതയുള്ള യുവജനങ്ങളെ നൽകണമേ. മനുഷ്യവർഗ്ഗത്തിന്റെ ഏകരക്ഷകനായ കർത്താവായ ഈശോയെ, വേദനിക്കുന്നവരെ ആശ്വസിപ്പിക്കാനും കുടുംബത്തിന്റെയും സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും ഭദ്രത കാത്തുസൂക്ഷിക്കുവാനും ഞങ്ങളെ അങ്ങയുടെ ഉപകരണങ്ങളാക്കേണമേ. സഹായം ആവശ്യമുള്ളവരിൽ അങ്ങയെ കണ്ടുകൊണ്ട് അവർക്ക് സഹായഹസ്തം നീട്ടുവാനുള്ള കൃപ ഞങ്ങൾക്ക് നൽകണമേ. ഈ ക്രിസ്മസ്-നവവത്സരം ഞങ്ങൾക്കും പല തരത്തിൽ വിഷമിക്കുന്ന സഹോദരങ്ങൾക്കും ലോകത്തിനും പുതുജീവൻ ലഭിക്കുന്ന അവസരമാകട്ടെ. പരി. അമ്മ ഈശോയുടെ ജനനത്തിന് ഒരുങ്ങിയതുപോലെ പരിശുദ്ധാത്മകൃപയിൽ ആശ്രയിച്ച് ക്രിസ്തുമസ്സിന് യഥാർത്ഥ ക്രൈസ്തവചൈതന്യത്തിൽ ഒരുങ്ങുവാൻ, ദൈവമേ ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ.

# കച്ചേരി

## വാർത്തകൾ

### 1. ഓർമിക്കേണ്ട ദിവസങ്ങൾ

ഡിസംബർ 2020

| | | |
|---|---|---|
| 1 | : | ഇരുപത്തഞ്ച് നോമ്പാരംഭം |
| 3 | : | വി. ഫ്രാൻസിസ് സേവ്യർ |
| 4 | : | ആദ്യവെള്ളി |
| 6 | : | **മംഗലവാർത്ത രണ്ടാം ഞായർ** |
| 7 | : | വി. അംബ്രോസ് |
| 8 | : | പരി. കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ |
| 13 | : | **മംഗളവാർത്ത മൂന്നാം ഞായർ** |
| 14 | : | കുരിശിന്റെ വി. യോഹന്നാൻ |
| 18 | : | മൈലാപ്പൂരിലെ അത്ഭുതസ്ലീവാ |
| 20 | : | **മംഗളവാർത്ത നാലാം ഞായർ** |
| 25 | : | **ന. കർത്താവീശോമിശിഹായുടെ പിറവിത്തിരുനാൾ** |
| 26 | : | വി. എസ്തപ്പാനോസ്<br>വി. യോഹന്നാൻ ശ്ലീഹാ (27 ഞായർ) |
| 27 | : | **പിറവി ഒന്നാം ഞായർ**<br>തിരുക്കുടുംബം |
| 28 | : | **കുഞ്ഞിപ്പൈതങ്ങൾ** |
| 31 | : | **വർഷാവസാനം** |

**2. മംഗളവാർത്ത–പിറവിക്കാലങ്ങൾ:**

സീറോ മലബാർ സഭയുടെ ആരാധനാവത്സരം ആരംഭിക്കുന്നത് മനുഷ്യാവതാരരഹസ്യത്തെ അനുസ്മരിക്കുന്ന മംഗളവാർത്താക്കാലത്തോടു കൂടിയാണ്. ഡിസംബർ 25ന് ആഘോഷിക്കപ്പെടുന്ന ഈശോയുടെ തിരുപ്പിറവിയെ കേന്ദ്രമാക്കിയുള്ളതാണ് ഈ കാലങ്ങൾ. തിരുപ്പിറവിക്കു മുമ്പ് നാലും തിരുപ്പിറവിക്കുശേഷം രണ്ടും ആഴ്ചകളാണ് ഈ കാലങ്ങളിലുള്ളത്. തിരുപ്പിറവിക്ക് ഒരുക്കമായി ഡിസംബർ 1 മുതൽ 25 വരെ മാർത്തോമ്മ ക്രിസ്ത്യാനികൾ ഇരുപത്തിയഞ്ച് നോമ്പ് ആചരിക്കുന്നു.

ഈശോയിൽ പൂർത്തിയാക്കപ്പെട്ട രക്ഷാകരപ്രവൃത്തികൾ ആരംഭിക്കുന്നത് അവിടുത്തെ ജനനത്തോടുകൂടിയാണല്ലോ. സുറിയാനി ഭാഷയിൽ 'സുവാറ' എന്നാണ് മംഗളവാർത്താക്കാലത്തിന്റെ പേര്. 'പ്രഖ്യാപനം', 'അറിയിപ്പ്' എന്നൊക്കെയാണ് 'സുവാറ' എന്ന പദത്തിന്റെ അർത്ഥം. സുറിയാനി ഭാഷയിൽ 'യൽദാ' എന്നാണ് പിറവിക്കാലത്തിന്റെ പേര്. രക്ഷകനെ പ്രതീക്ഷിച്ചിരുന്ന മാനവവംശത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും മംഗളകരമായ വാർത്തയായിരുന്നല്ലോ ഗബ്രിയേൽ ദൂതൻ പരിശുദ്ധ കന്യകാമറിയത്തെ അറിയിച്ചത്. അങ്ങനെ സമയത്തിന്റെ തികവിൽ പൂർത്തിയായ ഈശോയുടെ മനുഷ്യാവതാര രഹസ്യത്തിന്റെ പശ്ചാത്തലത്തിലാണ് ഈ കാലങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. അവിടുത്തെ മുന്നോടിയായ യോഹന്നാൻ മാംദ്ദാനയുടെ ജനനത്തെ കുറിച്ചുള്ള മുന്നറിയിപ്പും അദ്ദേഹത്തിന്റെ ജനനവും അടങ്ങുന്ന മംഗളസംഭവവും ഈ ദിവസങ്ങളിൽ സഭ അനുസ്മരിക്കുന്നു.

ഈശോയുടെ മനുഷ്യാവതാരരഹസ്യം കൊണ്ടാടുന്നതിന് ഒരുക്കമായി മനുഷ്യസൃഷ്ടി, ആദിമാതാപിതാക്കളുടെ അനുസരണക്കേട്, അതിന്റെ അനന്തരഫലങ്ങൾ, അധഃപതിച്ച മനുഷ്യവംശത്തിന്റെ പരിതാപകരമായ അവസ്ഥ, ദൈവം നൽകിയ രക്ഷയുടെ വാഗ്ദാനം, മാനവവംശവുമായി അവിടുന്ന് ചെയ്ത ഉടമ്പടി, രക്ഷകനെകുറിച്ചുള്ള പ്രവചനങ്ങൾ എന്നിവ മംഗളവാർത്താക്കാലത്തിൽ അനുസ്മരിക്കുന്നുണ്ട്. പരിശുദ്ധ ദൈവമാതാവിനു രക്ഷാകര ചരിത്രത്തിലുള്ള വലിയ പങ്ക് ഈ കാലത്തിൽ നാം ചിന്താവിഷയമാക്കുന്നു. രക്ഷകന്റെ അമ്മയായ മറിയത്തിന് ഏറ്റവുമധികം പ്രാധാന്യം നൽകുന്നത് ഈ കാലത്തിലാണ്.

ഈശോയുടെ തിരുപ്പിറവിയും ജ്ഞാനികളുടെ സന്ദർശനവും ഈജിപ്തിലേക്കുള്ള പലായനവും ഈശോയെ ദൈവാലയത്തിൽ സമർപ്പിക്കുന്ന സംഭവവും ബാല്യകാലവുമാണ് പിറവിക്കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ. പാപത്തിനു മരിച്ച്, മിശിഹായെ സ്വന്തമാക്കി, സമാധാനവും പ്രത്യാശയും ഉൾക്കൊള്ളാൻ പിറവിക്കാലത്തിലെ വായനകൾ അനുസ്മരിപ്പിക്കുന്നു. സ്വന്തം ദയനീയാവസ്ഥയെക്കുറിച്ചു ബോധവാന്മാരായി രക്ഷകനുവേണ്ടി ദാഹിച്ച പഴയനിയമ ജനതയെപ്പോലെ, പുതിയനിയമത്തിലെ ജനത തങ്ങളുടെ നിസ്സഹായാവസ്ഥയും പാപസാഹചര്യങ്ങളും മനസ്സിലാക്കി മിശിഹായിലേക്കു നടന്നടുക്കണമെന്നും മിശിഹായ്ക്കു പിറക്കുവാൻ തങ്ങളുടെ ഹൃദയങ്ങളിൽ ഇടം നൽകണമെന്നും മംഗളവാർത്ത–പിറവിക്കാലങ്ങളിലെ വി. ഗ്രന്ഥവായനകളും പ്രാർത്ഥനകളും ഗീതങ്ങളും നമ്മെ അനുസ്മരിപ്പിക്കുന്നു.

3. **അമലോത്ഭവതിരുനാൾ:**

നമ്മുടെ അതിരൂപത അമലോത്ഭവമാതാവിന് പ്രതിഷ്ഠിതമാണല്ലോ. അമലോത്ഭവമാതാവിന്റെ തിരുനാൾ ദിനമായ ഡിസംബർ 8ന് നമ്മുടെ അതിരൂപതയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമിപ്പിക്കുന്നു.

4. **അഭിവന്ദ്യപിതാക്കന്മാരുടെ ജന്മദിനം:**

ഡിസംബർ 13നു ജന്മദിനം ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും, മാർ ജേക്കബ് തൂങ്കുഴി പിതാവിനും അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു. അന്നേദിവസം അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മധ്യേ പിതാക്കന്മാർക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമപ്പെടുത്തുന്നു.

5. **ഓഫീസ് അവധി:**

2020 ഡിസംബർ 22 മുതൽ 2021 ജനുവരി 6 വരെ അതിരൂപതകാര്യാലയത്തിന് അവധിയായിരിക്കും. ഈ ദിവസങ്ങളിൽ അടിയന്തിര ഹർജികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

6. **തിരുപ്പട്ടസ്വീകരണങ്ങൾ:**

അതിരൂപതക്കുവേണ്ടി 2020 ഡിസംബർ അവസാനവാരത്തിൽ തിരുപ്പട്ടം സ്വീകരിക്കുന്നതിന് താഴെ പറയുന്ന 16 ഡീക്കന്മാർ ഒരുങ്ങികൊണ്ടിരിക്കുകയാണ്. അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

1. ഡീ. മുക്കടയിൽ ജിൻസൻ – വെള്ളാനിക്കോട് 26–12–2020 09.00 am
2. ഡീ. അക്കരപട്ട്യേക്കൽ നിർമ്മൽ – ആമ്പക്കാട് 26–12–2020 09.00 am
3. ഡീ. അറക്കൽ സ്റ്റീഫൻ – പഴുവിൽ 26–12–2020 02.00 pm
4. ഡീ. ചുങ്കത്ത് മിഥുൻ – ചേറൂർ 28–12–2020 09.00 am
5. ഡീ. നെല്ലങ്കര ജിതിൻ – അരിമ്പൂർ 28–12–2020 09.00 am
6. ഡീ. ഊക്കൻ തോമസ് – അരിമ്പൂർ 28–12–2020 09.00 am
7. ഡീ. ഊക്കൻ സിബിൻ – തലോർ 29–12–2020 09.00 am
8. ഡീ. ചിറ്റിലപ്പിള്ളി അജിത് – തിരൂർ 29–12–2020 09.00 am

9. ഡീ. മങ്ങാട്ടിലയൻ ജോമോൻ – തിരൂർ
29–12–2020 09.00 am

10. ഡീ. വടക്കേത്തല മിഥുൻ – കാരമുക്ക് നോർത്ത്
29–12–2020 02.00 pm

11. ഡീ. മുത്തുപ്പീടിക മേജോ – വല്ലച്ചിറ
30–12–2020 09.00 am

12. ഡീ. മഞ്ഞളി ബിനോയ് – മരത്താക്കര
30–12–2020 09.00 am

13. ഡീ. മാപ്രാണി അലക്സ് – ഒല്ലൂർ
30–12–2020 02.00 pm

14. ഡീ. ചെമ്മണ്ണൂർ ലിബിൻ – കോട്ടപ്പടി
31–12–2020 09.00 am

15. ഡീ. പടിഞ്ഞാക്കര അഭിജിത്ത് – ചിയ്യാരം വിജയമാത
31–12–2020 09.00 am

16. ഡീ. താണിക്കൽ ജോമോൻ – പുതുക്കാട്
01–01–2020 09.00 am

**7. ഡയറി 2020:**

അതിരൂപതയിലെ ബഹു. അച്ചന്മാർക്കുള്ള ഡയറി അതിരൂപത ഫിനാൻസ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

**8. വൈദികരുടെ നിയമനം:**

1. ഫാ. പുതുശ്ശേരി ബിജു CMI – വികാരി വരന്തരപ്പിള്ളി കിഴക്ക്; സാധുത 2020 ഒക്ടോബർ 06 മുതൽ.
2. ഫാ. ചക്രമാക്കിൽ ബിജു CMI – വികാരി എൽത്തുരുത്ത്; സാധുത 2020 ഒക്ടോബർ 06 മുതൽ.
3. ഫാ. എടക്കളത്തൂർ ബേബി ഷെപ്പേർഡ് CMI – വികാരി വരന്തരപ്പിള്ളി കിഴക്ക് ഒഴിവായി; പ്രീസ്റ്റ്– ഇൻ–ചാർജ്ജ് ചിയ്യാരം ഗലീലി & കപ്ലോൻ സി. എം. സി. ചിയ്യാരം; സാധുത 2020 ഒക്ടോബർ 06 മുതൽ.
4. ഫാ. പയ്യപ്പിള്ളി ജോസ് CMI – വികാരി എൽത്തുരുത്ത് ഒഴിവായി; സാധുത 2020 ഒക്ടോബർ 06 മുതൽ.

| | | |
|---|---|---|
| 5. ഫാ. പറമ്പൻ ആന്റണി CMI | – | പ്രീസ്റ്റ്–ഇൻ–ചാർജ്ജ് ഗലീലി, കപ്ലോൻ സി. എം. സി. ചിയ്യാരം ഒഴിവായി; സാധുത 2020 ഒക്ടോബർ 06 മുതൽ. |
| 6. ഫാ. മുണ്ടോപുറം ഡെയ്സൻ | – | വികാരി വെങ്ങിണിശ്ശേരി & കപ്ലോൻ എഫ്.സി.സി. മഠങ്ങൾ ഒഴിവായി; സാധുത 2020 ഒക്ടോബർ 10 മുതൽ. |
| 7. ഫാ. ചിറ്റിലപ്പിള്ളി ജെയ്സൻ | – | നടത്തുവികാരി വെങ്ങിണിശ്ശേരി & കപ്ലോൻ എഫ്. സി. സി. മഠങ്ങൾ കൂടി; സാധുത 2020 ഒക്ടോബർ 10 മുതൽ. |
| 8. ഫാ. തെക്കിനിയത്ത് ആന്റണി OFM.Cap | – | ഡയറക്ടർ & സ്പിരിചൽ അസിസ്റ്റന്റ് എസ്. എഫ്. ഒ.; സാധുത 2020 ഒക്ടോബർ 10 മുതൽ. |
| 9. ഫാ. പുത്തൂർ തോമസ് OFM.Cap | – | അസി. ഡയറക്ടർ & സ്പിരിചൽ അസിസ്റ്റന്റ് എസ്. എഫ്. ഒ.; സാധുത 2020 ഒക്ടോബർ 10 മുതൽ. |
| 10. ഫാ. കണ്ണനായ്ക്കൽ വിൻസെന്റ് OFM.Cap | – | അസി. ഡയറക്ടർ & സ്പിരിചൽ അസിസ്റ്റന്റ് എസ്. എഫ്. ഒ.; സാധുത 2020 ഒക്ടോബർ 10 മുതൽ. |
| 11. ഫാ. ചുങ്കൻ ജോസ് CMI | – | കപ്ലോൻ ക്രിസ്തുജ്യോതി എഫ്. സി. മഠം അടുപ്പൂട്ടി ഒഴിവായി; സാധുത 2020 ഒക്ടോബർ 10 മുതൽ. |
| 12. ഫാ. ചിറപ്പണത്ത് ജോസ് CMI | – | കപ്ലോൻ ക്രിസ്തുജ്യോതി എഫ്. സി. മഠം അടുപ്പൂട്ടി; സാധുത 2020 ഒക്ടോബർ 10 മുതൽ. |

13. ഫാ. കുരിശ്ശേരി ഫ്രാൻസിസ് CMI – കപ്ലോൻ മരിയഭവൻ സി. എസ്. സി. മഠം കോലഴി ഒഴിവായി; സാധുത 2020 ഒക്ടോബർ 28 മുതൽ.

14. ഫാ. പനക്കൽ ഡേവിസ് CMI – കപ്ലോൻ മരിയഭവൻ സി. എസ്. സി. മഠം കോലഴി; സാധുത 2020 ഒക്ടോബർ 28 മുതൽ.

15. ഫാ. പുന്നേലിപറമ്പിൽ സണ്ണി CMI– കപ്ലോൻ ഹോളി ഫാമിലി സി. എച്ച്. എഫ്. മഠം ചെമ്പുക്കാവ്; സാധുത 2020 ഒക്ടോബർ 28 മുതൽ.

16. ഫാ. എടമന ഷാജു CMI – കപ്ലോൻ ഹോളി ഫാമിലി സി. എച്ച്. എഫ്. മഠം ചെമ്പുക്കാവ് ഒഴിവായി; സാധുത 2020 ഒക്ടോബർ 28 മുതൽ.

17. ഫാ. പയ്യപ്പിള്ളി റിജോ CMI – കപ്ലോൻ ദിവ്യഭവൻ സി. എം. സി. മഠം ചേറൂർ; സാധുത 2020 ഒക്ടോബർ 28 മുതൽ.

18. ഫാ. പാലിയേക്കര പോൾസൺ CMI – കപ്ലോൻ ദിവ്യഭവൻ സി. എം. സി. മഠം ചേറൂർ ഒഴിവായി; സാധുത 2020 ഒക്ടോബർ 28 മുതൽ.

**9. പ്രത്യേക നിയമനം:**

**AFC - AD HOC COMMITTEE**

1. Mar Tony Neelankavil (Chairman)
2. Fr. Denny Thanikkal (Director)
3. Mr. Jomy Johnson (Convenor)
4. Mr. James Azhchangadan (Joint Convenor)

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

# DECREE OF ERECTION OF THE ARCHDIOCESAN FACILITATION CENTRE (AFC)

Prot No: 2338/2020/S/ABP **Order No. 1726/2020** Date:10/Oct/2020

**HEALTH AND APOSTOLIC BLESSINGS**
**TO**
**MAR TONY NEELANKAVIL AND TEAM**
**ARCHDIOCESAN FACILITATION CENTRE**
**FAMILY APOSTOLATE, TRICHUR**

Considering the need of the time and in the light of the discussions in various bodies & the request letter of Fr. Denny Thanikkal, Director of Family Apostolate dated 28 September 2020, I hereby erect *ad experimentum* 'ARCHDIOCESAN FACILITATION CENTER' (AFC) with Office at Family Apostolate Center Trichur with effect from 11th October 2020. The main purpose is to facilitate the members of the Archeparchy of Trichur to be informed of their rights, privileges and duties especially from the Central and State Governments (including Local Bodies) and to help the members to get them. The AFC may have units Archdiocesan (Archeparchial) and parish/forane levels.

The following members are appointed as Ad hoc Committee to study and propose guidelines/statutes for the functioning of the Center. The Guidelines should include the purpose, goals, nature, structure, fields of activities, financial matters, evaluation and reporting, etc.

**AD HOC COMMITTEE**

1. Mar Tony Neelankavil (Chairman)
2. Fr. Denny Thanikkal (Director)
3. Mr. Jomy Johnson (Convenor)
4. Mr. James Azhchangadan (Joint Convenor)

As suggested in the Request Letter dated 28-9-2020, in the structure of the AFC, there shall be Animators, Advisory Board, Executive Body, etc. Family Apostolate, Catechetical Center (DBCLC), Santwanam, Catholic Congress, KCYM, CLC, Jesus Youth, Teachers'Guild, Mathruvedi, etc. shall have involvement in the promotion and activities of AFC.

Given this from the Archeparchial Curia on 10th October 2020.

**Fr. Dominic Thalakkoden**
Chancellor

**Mar Andrews Thazhath**
Metropolitan Archbishop of Trichur



# നാളാഗമം

## ഒക്ടോബർ 2020

1. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ കോപ്പറേറ്റീവ് ആശുപത്രിയിൽ വെച്ച് നടന്ന ജെ.വി. അക്കരയുടെ 101 –ാം ജന്മദിനാനുസ്മരണയോഗം ഉദ്ഘാടനം ചെയ്തു. ഉച്ചതിരിഞ്ഞ് സെന്റ് തോമാസ് കോളേജിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ബിഷപ്പ് പോൾ ചിറ്റിലപ്പിള്ളിയുടെ അനുസ്മരണയോഗത്തിൽ പങ്കെടുത്തു. വൈകീട്ട് കേരള കത്തോലിക്കാ മെത്രാന്മാരുടെ ധ്യാനത്തിൽ സംബന്ധിച്ചു. എറണാകുളം–അങ്കമാലി അതിരൂപതയിലെ പുതുവാശ്ശേരി ഇടവകാംഗവും RCJ സഭാംഗവുമായ ഡീക്കൻ ആൽബിൻ തോപ്പിലിന്റെ തിരുപ്പട്ട കൂദാശകർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കാർമ്മികത്വം വഹിച്ചു. അന്നേ ദിവസം വൈകിട്ട് കൊളങ്ങാട്ടുകര സെന്റ് മേരീസ് ദൈവാലയത്തിൽ ടോണി പിതാവ് രൂപം വെഞ്ചിരിച്ചു.
3. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഷെക്കെയ്ന ചാനലിൽ ഡി.ബി.സി.എൽ.സി.യിൽ വച്ച് ദിവ്യബലിയർപ്പിച്ചു.
11. അഭിവന്ദ്യ താഴത്ത് പിതാവ് അതിരൂപത പാക്ടിന്റെ നേതൃത്വത്തിൽ

ആരംഭിക്കുന്ന പാരീഷ് ഹെൽപ്പ് ഡെസ്ക്കിന്റെ വെബിനാർ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

12. അഭിവന്ദ്യ താഴത്ത് പിതാവ് പബ്ളിക്ക് അഫയേഴ്സ് കമ്മിറ്റിയുടെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

13. അഭിവന്ദ്യ താഴത്ത് പിതാവ് ചൊവ്വന്നൂർ ഇടവകയിൽ ധന്യൻ അഗസ്റ്റിൻ ജോണച്ചന്റെ ശ്രാദ്ധദിനത്തിൽ വി. ബലിയർപ്പിച്ചു. കേരള കാത്തിലിക്ക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ നടത്തിയ അദ്ധ്യാപകസമരത്തിന്റെ ജില്ലാതല ഉദ്ഘാടനം തൃശ്ശൂർ കളക്ടറേറ്റിനുമുന്നിൽ നിർവഹിച്ചു.

15. അഭിവന്ദ്യ താഴത്ത് പിതാവ് വിദേശത്തുള്ള കത്തോലിക്കാ വിശ്വാസസമൂഹത്തിന് പരി. അമ്മയുടെ ജപമാല മാസത്തിന്റെ സന്ദേശം ഓൺലൈൻ വഴി നൽകി.

17. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മരത്താക്കരയിലെ എം.എം.ബി ആശ്രമത്തിൽ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന ബ്രദർ വിക്ടറിനെയും ബ്രദർ യേശുദാസിനെയും അനുമോദിക്കുകയും കൃതജ്ഞതാബലിയർപ്പിക്കുകയും ചെയ്തു.

18. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കൊട്ടേക്കാട് ഇടവക ദൈവാലയത്തിൽ ഫാത്തിമാ മാതാവിന്റെ തിരുനാൾ കുർബാനക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

19. മേരീമാത മേജർ സെമിനാരിയിൽ മാർ ടോണി നീലങ്കാവിൽ പിതാവ് ദിവ്യബലിയർപ്പിച്ചു.

20. അഭിവന്ദ്യപിതാക്കൻമാർ അതിപൂത ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

21. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ അതിരൂപതക്കുവേണ്ടി ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കൻമാരുമായി കൂടികാഴ്ച നടത്തി.

22. അഭിവന്ദ്യ താഴത്ത് പിതാവ് കാക്കനാട് മൗണ്ട് സെന്റ് തോമാസിൽ സമുദായ നേതാക്കൻമാരുമായി കൂടികാഴ്ച നടത്തി.

23. ഒല്ലൂർ സെന്റ് ആന്റണീസ് ദൈവാലയത്തിൽ വി. റാഫേൽ മാലാഖയുടെ തിരുനാളിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ദിവ്യബലിയർപ്പിക്കുകയും കൂടുതുറക്കൽ കർമ്മത്തിന് കാർമ്മികത്വം വഹിക്കുകയും ചെയ്തു.

24. അഭിവന്ദ്യ താഴത്ത് പിതാവ് ഇന്റർ ചർച്ച് കൗൺസിലിന്റെ വെബിനാറിൽ പങ്കെടത്തു. വടക്കൻ പുതുക്കാട് ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പ്രാരംഭക കൂദാശകൾ നൽകി.

25. അഭിവന്ദ്യ താഴത്ത് പിതാവ് എഫ്.സി.സി. സന്ന്യാസിനി സമൂഹത്തിന്റെ സഭാവസ്ത്രസ്വീകരണവും പ്രഥമവൃതവാഗ്ദാനവും നടത്തുന്ന അർത്ഥിനികൾക്ക് സന്ദേശം നൽകി. മാർ ടോണി നീലങ്കാവിൽ പിതാവ് പാലക്കൽ ഇടവകയിൽ വി. യൂദാ തദേവൂസിന്റെ തിരുനാൾ ദിനത്തിൽ വി. കുർബാനയർപ്പിച്ചു. ശേഷം കാക്കശ്ശേരി കുരിശുപള്ളിയിൽ അമലോത്ഭവമാതാവിന്റെ തിരുനാൾ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.
27. അഭിവന്ദ്യ താഴത്ത് പിതാവ് തിരുവനന്തപുരത്ത് വെച്ച് കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനുമായി കൂടികാഴ്ച നടത്തി.
28. അഭിവന്ദ്യ താഴത്ത് പിതാവ് അതിരൂപത ഐ.ടി. സെലിന്റെ മീറ്റിങ്ങിൽ പങ്കെടുത്തു.
29. അഭിവന്ദ്യ താഴത്ത് പിതാവ് ബഹു. തോബിയാസച്ചന്റെ മൃതസംസ്കാരശ്രൂശഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. പാറന്നൂർ ഇടവകയിൽ ആറാമത്തെ കുഞ്ഞിന് മാർ ടോണി നീലങ്കാവിൽ പിതാവ് പ്രാരംഭക കൂദാശകൾ നൽകി.
30. പെരിഞ്ചേരി ഇടവകയിൽ ആറാമത്തെ കുഞ്ഞിന് മാർ ടോണി നീലങ്കാവിൽ പിതാവ് പ്രാരംഭ കൂദാശകൾ നൽകി. തുടർന്ന് വൈ.എം.സി.എ.യുടെ പ്രാർത്ഥനാവാരം ഉദ്ഘാടനം ചെയ്തു.
31. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിൽ ജപമാല മാസസമാപനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. എറണാകുളം–അങ്കമാലി അതിരൂപതയിലെ കൊങ്ങോർപ്പിള്ളി ഇടവകാംഗവും RCJ സഭാംഗവുമായ ഡീക്കൻ സിമോജ് ചക്യത്തിന്റെ തിരുപ്പട്ട കൂദാശകർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കാർമ്മികത്വം വഹിച്ചു.

**അവിടുന്ന് തൻെറ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും.**

*ലൂക്കാ 1 : 48*





**നാമകരണനടപടികൾ**

## ദൈവദാസൻ
# ആന്റണി തച്ചുപറമ്പിലച്ചൻ

**1. നാമകരണനടപടികളുടെ സമാപനം.**

കഴിഞ്ഞ പത്തുവർഷമായി നടന്നുകൊണ്ടിരിക്കുന്ന അതിരൂപതാനാമകരണ കോടതിയുടെ ഔദ്യോഗിക സമാപനം അച്ചന്റെ ജന്മദിനം ആചരിക്കുന്ന ഡിസംബർ 8–ന് ചേലക്കര ഫൊറോന ദേവാലയത്തിൽ വച്ച് നടക്കും. 8090 പേജുകളുള്ള നടപടി രേഖകളിൽ അച്ചന്റെ ജീവിതവിശുദ്ധിയെകുറിച്ചുള്ള സാക്ഷ്യങ്ങളും അച്ചന്റെ പ്രവർത്തന മണ്ഡലങ്ങളുടെ ചരിത്രപരമായ വിശദാംശങ്ങളും മറ്റ് ഔദ്യോഗിക പത്രികകളും ഉൾക്കൊള്ളിച്ചിരിക്കുന്നു. നടപടി രേഖകളുടെ രണ്ട് കോപ്പികൾ റോമിലേയ്ക്ക് അയയ്ക്കും. ഡിസംബർ 8–ന് 10 മണിക്കുള്ള ദിവ്യബലിക്ക് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നേതൃത്വം വഹിക്കും. 11 മണിക്ക് നടക്കുന്ന നാമകരണകോടതിയുടെ സമാപന പരിപാടികൾക്ക് മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത നേതൃത്വം വഹിക്കും. നാമകരണ കോടതിക്ക് നേതൃത്വം വഹിച്ചവരേയും ചരിത്രകമ്മീഷനിൽ പ്രവർത്തിച്ചവരേയും പ്രത്യേകമായി എപ്പിസ്കോപ്പൽ ഡലഗേറ്റ് ഫാ. തോമസ് സ്രാമ്പിക്കലിനേയും നന്ദിയോടെ ഓർക്കുന്നു. അന്നേ ദിനത്തിലെ പരിപാടികളുടെ സജീവ സംപ്രേഷണം മീഡിയ കത്തോലിക്കായിൽ ലഭ്യമായിരിക്കും.

2. ക്രിസ്മസ്സിനൊരുങ്ങുന്ന വേളയിൽ അച്ചന്റെ ചില ചിന്തകൾ നമുക്ക് ഓർക്കാം. ''ആദിപാപത്തിന് പരിഹാരമായി ദൈവത്തിന്റെ പുത്രൻ തന്റെ സ്വർഗ്ഗീയ സിംഹാസനത്തിൽ നിന്ന് ഈ ഭൂമിയിലേക്ക് വന്നു. സ്നേഹം അവിടുത്തെ താഴേയ്ക്ക് ഇറക്കിക്കൊണ്ടുവന്നു. മാലാഖ

മാർക്ക് അൽപം താഴെയായി മനുഷ്യനെ സൃഷ്ടിച്ച സ്നേഹം, പറുദീസയിൽ ആദത്തോട് സംസാരിച്ച സ്നേഹം, പ്രവാചകന്മാരിലൂടെ സംസാരിച്ച സ്നേഹം, ഈജിപ്തിൽനിന്ന് ജനത്തെ മോചിപ്പിച്ച സ്നേഹം, മുൾപടർപ്പിൽ മോശ കണ്ട സ്നേഹം ... ആ സ്നേഹം ഇതാ പരിത്യക്തമായ തണുപ്പുനിറഞ്ഞ ഈ പുൽത്തൊട്ടിയിൽ നമുക്കു കാണാം. സ്നേഹം പ്രിയമുള്ളവരോട് സദൃശരാകാൻ ആഗ്രഹിക്കുന്നു. അതിനാൽ ദൈവം മനുഷ്യനാകുന്നു. ഇന്ന് ഹൃദയമിടിപ്പ് അളക്കാനുള്ള ഉപകരണങ്ങളുണ്ട്. ആ കുഞ്ഞു ഹൃദയത്തിന്റെ വേഗത്തിലുള്ള മിടിപ്പ് അളക്കാൻ സാധിച്ചിരുന്നെങ്കിൽ ... ആ മൃദുരോദനത്തിന്റെ അർത്ഥം മനസ്സിലാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ ... നിത്യപിതാവിനോടുള്ള സ്നേഹത്താലും മനുഷ്യനോടുള്ള സ്നേഹത്താലും ആ ഹൃദയം തുടിക്കുന്നു.'' പുൽക്കൂടിനു മുമ്പിൽ അച്ചന്റെ വികാരവിചാരങ്ങളോടെ നമുക്കും നിൽക്കാം.

3. ഡിസംബർ 22–ന് തച്ചുപറമ്പിലച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ 96–ാം വാർഷികദിനമാണ്. നമുക്കും നമ്മുടെ കുടുംബങ്ങൾക്കും തൃശൂർ അതിരൂപതയ്ക്കും വേണ്ടി ബ. തച്ചുപറമ്പിൽ അന്തോണി അച്ചന്റെ പ്രാർത്ഥനാസഹായം നമുക്ക് യാചിക്കാം.

## കർത്താവിൽ പ്രത്യാശയർപ്പിക്കുവിൻ, ദുർബലരാകാതെ ധൈര്യമവലംബിക്കുവിൻ; കർത്താവിനുവേണ്ടി കാത്തിരിക്കുവിൻ

*സങ്കീ. 27 : 14*



## നാമകരണനടപടികൾ

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

തിരുസഭ അന്നും ഇന്നും എന്നും പാവങ്ങളോട് അനുകമ്പാപൂർണ്ണമായ സമീപനമാണ് പിൻതുടരുന്നത്. കാരണം ക്രിസ്തു പാവപ്പെട്ടവനായിരുന്നു; പാവപ്പെട്ടവരുടെ സ്നേഹിതനുമായിരുന്നു; അത്തരത്തിലുള്ളവരെത്തന്നെയാണ് അവിടുന്ന് തന്റെ ശിഷ്യന്മാരായി സ്വീകരിച്ച് തന്റെ പള്ളിയ്ക്ക് അടിസ്ഥാനമിട്ടത്. അതിനാലാണ് ചരിത്രാതീതകാലം മുതൽ സഭ പാവങ്ങൾക്കായി തന്റെ വാതിലുകൾ തുറന്നിട്ടുകൊണ്ടിരിക്കുന്നത്. ഏതെല്ലാം കാലങ്ങളിൽ മിശിഹായുടെ പാവപ്പെട്ടവരിൽ നിന്നും അന്യം നിൽക്കുന്ന പ്രവണത സഭക്കുണ്ടായിട്ടുണ്ടോ – അപ്പോഴെല്ലാം പരിശുദ്ധപിതാക്കൻമാരിലൂടെ തന്റെ ഈ ദൗത്യം അവൾ പുനഃപ്രതിഷ്ഠിച്ചിട്ടുമുണ്ട്. വി. ജോൺപോൾ രണ്ടാമനും ഫ്രാൻസിസ് മാർപാപ്പയുമെല്ലാം ചില ഉദാഹരണങ്ങൾ മാത്രം.

തിരുസഭയിലെ അംഗമെന്നനിലയിൽ പാവപ്പെട്ടവരോടും സമുദായം അവഗണിച്ചവരോടും പ്രത്യേക പരിഗണന കാണിക്കണമെന്ന് നന്നേ ചെറുപ്പത്തിൽ തന്നെ തിരിച്ചറിഞ്ഞ പുണ്യാത്മാവാണ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ! തന്റെ വളർച്ചയുടെ ആദ്യനാളുകളിൽ ഇല്ലായ്മയും എല്ലാത്തരത്തിലുമുള്ള വല്ലായ്മകൾ അനുഭവിച്ചതിനാലാണ് അദ്ദേഹം ഇങ്ങനെ എഴുതിയത്. ഞാൻ ദരിദ്രനെ സ്നേഹിക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്യണം. അതിനാൽ വൈദീകനായതിനുശേഷം പാവങ്ങളുടെ സമഗ്രവിമോചനത്തിനായി അക്ഷീണം പ്രവർത്തിക്കുകയുണ്ടായി. തത്ഫലമായി 1930–കളിൽ തന്നെ ഒരു ഭക്തസംഘടനയ്ക്കും

അനാഥശാലയ്ക്കും, വിദ്യാലയത്തിനും മറ്റു കൈതൊഴിൽ സ്ഥാപന ങ്ങൾക്കും ചൊവ്വന്നൂരിൽ രൂപം കൊടുക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഊക്കനച്ചന്റെ സാധുജനസംരക്ഷണവും ചേരിപ്രവർത്തനവും രോഗി ശുശ്രൂഷയും അന്നാളുകളിൽത്തന്നെ പ്രസിദ്ധമാവുകയും കുന്നം കുളംകാർ അദ്ദേഹത്തെ 'പാവങ്ങളുടെ പിതാവ്' എന്ന് അഭിസംബോ ധന ചെയ്യുകയും ചെയ്തു. ഈ കാലഘട്ടത്തിൽ ഈ പാവങ്ങളുടെ സ്നേഹിതൻ നമുക്ക് തരുന്ന സന്ദേശവും മറ്റൊന്നല്ല. തീർച്ചയായും യേശു കൂടുതൽ ഇഷ്ടപ്പെടുന്നത് ദരിദ്രരെയാണ് (മത്താ.5/3). അതിനാൽ പാവപ്പെട്ടവരെയും ആകർഷണീയരല്ലാത്തവരെയും സ്നേഹിക്കുക.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# ദൈവം തൻെറ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല. പ്രത്യുത, അവൻ വഴി ലോകം രക്ഷപ്രാപിക്കാനാണ്.

*യോഹന്നാൻ 03 : 17*

# പാലയൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം

**1. മാർ തോമാശ്ലീഹായുടെ ഭാരത പ്രവേശന തിരുന്നാൾ**

ഭാരത ക്രൈസ്തവ സഭയ്ക്ക് പുണ്യപ്പെട്ട ഒരു സുദിനമാണ് നവംബർ 21. അന്നാണ് കടലുകൾ താണ്ടി ഈശോയുടെ പ്രിയ ശിഷ്യനായ മാർ തോമാശ്ലീഹാ ഭാരതത്തിൽ എത്തിയത്. മുസി രിസിൽ തോമാശ്ലീഹാ വന്നിറങ്ങി പിന്നീട് പാലയൂരിൽ വഞ്ചി കടവിൽ വന്നതിനുശേഷം തളിയകുളത്തിൽ എത്തി അവിടെ ആദ്യത്തെ അത്ഭുതം പ്രവർത്തിച്ച് ഭാരതത്തിൽ ക്രൈസ്തവ സഭയ്ക്ക് രൂപം കൊടുത്തു. അന്ന് തോമാശ്ലീഹായുടെ അത്ഭുതം ദർശിച്ച ഏഴ് വ്യക്തികൾ അവിടെ വച്ച് ജ്ഞാനസ്നാനം സ്വീകരിച്ചു.

അങ്ങനെ ഏഴു കുടുംബങ്ങൾ






ഭാരതത്തിൽ ആദ്യമായി ക്രൈസ്തവ വിശ്വാസം സ്വീകരിച്ച വലിയ ഓർമ്മ കൂടിയാണ് നവംബർ 21ന് ഉള്ളത്. നവംബർ 21ന് മാർ തോമാശ്ലീഹായുടെ ഭാരത പ്രവേശന തിരുനാൾ ആഘോഷിക്കുമ്പോൾ, തന്റെ നാഥനായ യേശുവിൽ നിന്നും സ്വീകരിച്ച വിശ്വാസം ഭാരതത്തിലുടനീളം പ്രസരിപ്പിക്കാൻ ഇവിടെ ഭാരതത്തിൽ എത്തി ധീരതയോടെ പ്രവർത്തിച്ച് ഭാരതത്തിൽ ക്രൈസ്തവ വിശ്വാസത്തിന് തുടക്കംകുറിച്ച മാർ തോമാശ്ലീഹാ, ഈ കാലഘട്ടത്തിൽ ജീവിക്കുന്ന നമുക്ക് ക്രൈസ്തവ വിശ്വാസം പ്രചരിപ്പിക്കുവാൻ ഉള്ള ഉത്തരവാദിത്ത്വം ഉണ്ട് എന്ന് ഓർമിപ്പിക്കുന്നു. മാർ തോമാശ്ലീഹ സ്ഥാപിച്ച ഏഴ് പള്ളികളിലൊന്ന് നമ്മുടെ തൃശ്ശൂർ അതിരൂപതയിൽ ഇന്നും സ്ഥാനം മാറാതെ നിലകൊള്ളുന്നു എന്നത് അഭിമാനിക്കാവുന്ന ഒരു വസ്തുതയാണ്. ഈയൊരു അഭിമാനത്തിൽ നിന്നുകൊണ്ട് തോമാശ്ലീഹാ പകർന്നുതന്ന വിശ്വാസം ഉൾക്കൊണ്ട് ജീവിക്കാൻ നമുക്ക് പരിശ്രമിക്കാം. മാർ തോമാശ്ലീഹായുടെ ഭാരത പ്രവേശന തിരുനാൾ മംഗളങ്ങൾ ഏവർക്കും ഒത്തിരി സ്നേഹത്തോടെ നേർന്നു കൊള്ളുന്നു.

നവംബർ 21 തീയതി മാർ തോമശ്ലീഹായുടെ ഭാരത പ്രവേശന തിരുനാളിന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മാർത്തോമാ മേജർ ആർക്കി എപ്പിസ്കോപ്പൽ ദേവാലയത്തിൽ ദിവ്യബലി അർപ്പിച്ച് എല്ലാവരെയും അനുഗ്രഹിക്കുകയും ചെയ്തു.

**സി.കെ. ജോസ്**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കരിപ്പേരി**
ആർച്ച് പ്രീസ്റ്റ്

**ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും.**

*യോഹന്നാൻ 8 : 12*

# സാമ്പത്തിക കാര്യാലയം



**1. തെരട്ട് സമർപ്പിക്കൽ**

ഇടവകകൾ/സ്ഥാപനങ്ങൾ/സംഘടനകൾ/ പ്രസ്ഥാനങ്ങൾ എന്നിവയുടെ തെരട്ട് സമർപ്പിക്കുന്നതിന് നിശ്ചയിക്കപ്പെട്ട സമയപരിധി കഴിഞ്ഞിരിക്കുകയാണ്. ഈ പ്രത്യക സഹചര്യത്തിൽ ഇനിയും തെരട്ട് സമർപ്പിക്കാത്ത ഇടവകകൾ/സ്ഥാപനങ്ങൾ/സംഘടനകൾ/ പ്രസ്ഥാനങ്ങൾ ഉണ്ടെങ്കിൽ എത്രയും വേഗം അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ തെരട്ട് സമർപ്പിക്കേണ്ട കാര്യം ഓർമ്മപ്പെടുത്തുന്നു.

**ഫാ.ഡിറ്റോ കൂള**
അസി.ഫൈനാൻസ് ഓഫീസർ

**ഫാ. വർഗീസ് കുത്തൂർ**
ഫൈനാൻസ് ഓഫീസർ

എന്തെന്നാൽ, അവരെല്ലാവരും തങ്ങളുടെ
സമൃദ്ധിയിൽനിന്നു സംഭാവന ചെയ്തു.
ഇവളാകട്ടെ, തൻെറ ദാരിദ്ര്യത്തിൽനിന്ന്
തനിക്കുണ്ടായിരുന്നതെല്ലാം, തൻെറ
ഉപജീവനത്തിനുള്ള വക മുഴുവനും
നിക്ഷേപിച്ചിരിക്കുന്നു.

മർക്കോസ് 12 : 44




# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ജോയ് മൂക്കൻ | 02 |
| ഫാ. അനീഷ് നെല്ലിക്കൽ | 02 |
| ഫാ. ജോമോൻ പൊന്തേക്കൻ | 02 |
| ഫാ. പ്രതീഷ് കല്ലറക്കൽ | 03 |
| ഫാ. ജോസഫ് മുരിങ്ങാത്തേരി | 03 |
| ഫാ. വർഗ്ഗീസ് പാലത്തിങ്കൽ | 06 |
| ഫാ. റാഫേൽ ആക്കാമറ്റത്തിൽ | 07 |
| ഫാ. നൈസൺ ഏലന്താനത്ത് | 07 |
| ഫാ. റോജർ തരകൻ | 07 |
| ഫാ. ലിറിൽ തളിയപറമ്പിൽ | 08 |
| ഫാ. ജോയ് കൂത്തൂർ | 09 |
| ഫാ. ഷാജു ചിറയത്ത് | 10 |
| ഫാ. ജെയ്സൻ ചിറ്റിലപ്പിള്ളി | 12 |
| ഫാ. സാജൻ മാറോക്കി | 12 |
| ഫാ. ഫ്രാൻസിസ് കൂത്തൂർ | 13 |
| ഫാ. അജിത്ത് തച്ചോത്ത് | 13 |
| ഫാ. ഷെൽറ്റൺ ചിറ്റിലപ്പിള്ളി | 16 |
| ഫാ. ലോറൻസ് തൈക്കാട്ടിൽ | 16 |
| ഫാ. നിബിൻ തളിയത്ത് | 17 |
| ഫാ. ബർണാർഡ് തട്ടിൽ | 19 |
| ഫാ. ജോസ് തെക്കേക്കര ജൂനിയർ | 19 |
| ഫാ. ജോൺ ചുങ്കത്ത് | 20 |
| ഫാ. പ്രിന്റോ കുളങ്ങര | 20 |
| ഫാ. ആൻസൺ നീലങ്കാവിൽ | 21 |
| ഫാ. ബെന്നി കൈപ്പുള്ളിപറമ്പൻ | 22 |
| ഫാ. ജോസഫ് അന്തിക്കാട്ട് | 23 |
| ഫാ. ജോയ് ചിറ്റിലപ്പിള്ളി ജൂനിയർ | 23 |
| ഫാ. ബെന്നി കിടങ്ങൻ | 25 |
| ഫാ. നവീൻ മുരിങ്ങാത്തേരി | 25 |
| ഫാ. ജസ്റ്റിൻ തടത്തിൽ | 25 |
| ഫാ. സിന്റോ പൊന്തേക്കൻ | 26 |
| ഫാ. സിജോ കാട്ടൂക്കാരൻ | 27 |
| ഫാ. ജോമോൻ മുരിങ്ങാത്തേരി | 27 |
| ഫാ. ജോയ് കൊള്ളന്നൂർ | 29 |
| ഫാ. ഡേവിസ് ചിറമ്മൽ ജൂനിയർ | 30 |
| ഫാ. ജോമോൻ ഇമ്മട്ടി | 30 |
| ഫാ. ഫെബിൻ ചിറയത്ത് | 31 |
| ഫാ. റോയ്സൺ കൊള്ളന്നൂർ | 31 |
| ഫാ. സ്റ്റിഷിൻ കുണ്ടുകുളം | 31 |

## നാമഹേതുകതിരുനാൾ

| | | | |
|---|---|---|---|
| ഫാ. ഫ്രാൻസിസ് ആലപ്പാട്ട് | 03 | ഫാ. നിക്കോളസ് പൊറത്തൂർ | 06 |
| ഫാ. ഫ്രാൻസിസ് അറക്കൽ | 03 | ഫാ. ജോൺസൻ ആച്ചാണ്ടി | 14 |
| ഫാ. ഷിജോ ചിരിയങ്കണ്ടത്ത് | 03 | ഫാ. ഫ്ളെർജിൻ തയ്യാലക്കൽ | 14 |
| ഫാ. ഫ്രാൻസിസ് കരിപ്പേരി | 03 | ഫാ. ലാസർ താണിക്കൽ | 17 |
| ഫാ. ഫ്രാങ്കോ കവലക്കാട്ട് | 03 | ഫാ. ജോൺസൻ ഐനിക്കൽ | 27 |
| ഫാ. ഫ്രിന്റോ കിഴക്കേകണ്ണൻചിറ | 03 | ഫാ. ജോൺസൻ അരിമ്പൂർ | 27 |
| ഫാ. ഫ്രാൻസിസ് കൂത്തൂർ | 03 | ഫാ. ജോൺ ചുങ്കത്ത് | 27 |
| ഫാ. മേജോ മങ്ങാട്ടിലയൻ | 03 | ഫാ. ജോജോ എടത്തിരുത്തി | 27 |
| ഫാ. ഫ്രാൻസിസ് മഞ്ഞളി | 03 | ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ | 27 |
| ഫാ. റെന്നി മുണ്ടൻകുരിയൻ | 03 | ഫാ. ജോൺ കിടങ്ങൻ | 27 |
| ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് | 03 | ഫാ. ടെൻസ് കുന്നപ്പിള്ളി | 27 |
| ഫാ. ബാബു പാണാട്ടുപറമ്പിൽ | 03 | ഫാ. ജോൺ മൂലൻ | 27 |
| ഫാ. സേവിയർ പാണേങ്ങാടൻ | 03 | ഫാ. ജോൺ മുളക്കൽ | 27 |
| ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ | 03 | ഫാ. ടെറിൻ മുള്ളക്കര | 27 |
| ഫാ. ഫ്രാങ്കോ പുത്തിരി | 03 | ഫാ. ജിയോ പള്ളിപ്പുറത്തുക്കാരൻ | 27 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 03 | ഫാ. ബിജു പാണേങ്ങാടൻ | 27 |
| ഫാ. ഫ്രാൻസിസ് തരകൻ | 03 | ഫാ. ജോൺസൻ പുലിക്കോട്ടിൽ | 27 |
| ഫാ. ടിങ്കിൾ വാഴപ്പിള്ളി | 03 | ഫാ. ജീജോ വള്ളൂപ്പാറ | 27 |
| | | ഫാ. ആൻസിൽ ജോൺ വെള്ളറ | 27 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ഗീവർഗ്ഗീസ് മാമ്പിള്ളി | 31-12-1920 |
| മോൺ. പൊറിഞ്ചു ആലപ്പാട്ട് | 13-12-1924 |
| ഫാ. പൗലോസ് കൂന്തായിൽ | 13-12-1924 |
| ഫാ. തോമസ് അക്കരപ്പറ്റി | 19-12-1944 |
| ഫാ. പോൾ ചിറയത്ത് | 14-12-1953 |
| ഫാ. ജോസഫ് തോട്ടാൻ | 06-12-1965 |
| ഫാ. ഇഗ്നേഷ്യസ് ചിറയത്ത് | 23-12-1967 |
| ഫാ. അന്തപ്പൻ വലിയവീട്ടിൽ | 02-12-1971 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി സീനിയർ | 18-12-1973 |
| ഫാ. ജോർജ്ജ് ചൂണ്ടൽ | 19-12-1990 |
| ഫാ. ആന്റണി ജീസ് ചിറമ്മൽ | 21-12-1992 |
| മോൺ. മാത്യു മുരിങ്ങാത്തേരി | 17-12-1994 |
| ഫാ. ജോസഫ് ചുങ്കത്ത് സീനിയർ | 28-12-2000 |
| ഫാ. ജോസഫ് വടക്കൻ | 28-12-2002 |
| ഫാ. ആന്റണി കണ്ണമ്പുഴ | 09-12-2019 |



## ■ സന്യസ്തർ

**സി.ആർ.ഐ. വാർത്തകൾ – ഒക്ടോബർ 2020**

1. **സി.എം.സി. :** വി. കൊച്ചുത്രേസ്യായുടെ തിരുനാൾദിനത്തിൽ പറപ്പൂർ സെന്റ് ജോൺ ഓഫ് ദ ബാപ്റ്റിസ്റ്റ് ഫോർമേഷൻ ഹൗസിൽ വച്ച് 5 പോസ്റ്റുലൻസ് നൊവിഷ്യേറ്റിൽ പ്രവേശിച്ചു. 2ന് ആലുവ ജനറലേറ്റിൽ വച്ചു നടന്ന GC PC (General Council & Provincial Council) Meetingൽ Provincial Council പങ്കെടുത്തു. 9,10,11 ദിവസങ്ങളിലായി തൃശ്ശൂർ, കാർമ്മൽ ശാന്തി ധാമിൽ വച്ച് നടന്ന മൂന്ന് ദിവസത്തെ ജൂനിയേഴ്സ് കോഴ്സിൽ 29 ജൂനിയേഴ്സ് പങ്കെടുത്തു. ഫാ. അലക്സ് മരോട്ടിക്കൽ ക്ലാസ്സുകൾക്ക് നേതൃത്വം നല്കുകയും പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജ ഇവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. 26ന് ആരംഭിച്ച 5 ദിവസത്തെ സിൽവർ ജൂബിലി കോഴ്സിൽ പാലക്കാട്, ഇരിഞ്ഞാലക്കുട, തൃശ്ശൂർ എന്നീ മൂന്ന് പ്രോവിൻസുകളിൽ നിന്നായി 34 സിസ്റ്റേഴ്സ് online വഴി പങ്കെടുത്തു. ഫാ. ജിൽറ്റോ സി.എം.ഐ, ഫാ. മാർട്ടിൻ കല്ലുങ്കൽ, ഫാ. തോമസ് കടുത്താനം OCD, സി. സോജി മരിയ CMC എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി.
2. **എഫ്.സി.സി. :** മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെന്റിൽ വെച്ച് പോസ്റ്റുലൻസിയിലെ അർത്ഥിനികളുടെ മാതാപിതാക്കൾക്കായി പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ലിറ്റിൽ മേരി ക്ലാസ്സെടുത്തു. ലോകം മുഴുവൻ കോവിഡ് മഹാമാരിയുടെ പിടിയിൽ ആയിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ അടുത്ത ഒരു വർഷത്തേക്ക് വ്രതവാഗ്ദാനം ചെയ്യുന്ന ജൂനിയേഴ്സ് എല്ലാവരും സ്വഭവനങ്ങളിൽ ആയിരുന്നുകൊണ്ട് ജറുസലേം റീട്രീറ്റ് സെന്ററിൽ നിന്ന് റവ ഫാ. സിജോ തയ്യാലക്കൽ സി.എം.ഐ. യുടെ നേതൃത്വത്തിൽ Google Meet വഴി നടത്തിയ രണ്ടു ദിവസത്തെ ധ്യാനത്തിലും Online ആരാധനയിലും പങ്കുചേർന്ന് വ്യക്തിപരമായ പ്രാർത്ഥനയിലൂടെയും വിചിന്തനത്തിലൂടെയും തങ്ങളെത്തന്നെ കണ്ടെത്തുകയും ഒക്ടോബർ 12, 13 തീയതികളിലായി 39 ജൂനിയേഴ്സ് സ്വഭവനങ്ങളിൽ തന്നെ ദിവ്യബലി മധ്യേ വ്രതവാഗ്ദാനം നടത്തുകയും ചെയ്തു.

ഒക്ടോബർ 17–ാം തീയതി കെനിയ മിഷനിലുള്ള മൂന്നു നോവിസസ് റുവായ് സെന്റ് അൽഫോൺസാ കോൺവെന്റിൽ വെച്ച് Kisumu രൂപതാധ്യക്ഷൻ Most Rev. Zacchaeus Okothന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിമദ്ധ്യേ സഭാവസ്ത്രസ്വീകരണവും ആദ്യവ്രതവാഗ്ദാനവും നടത്തി. ചുവന്നമണ്ണ് ഹോളിട്രിനിറ്റി കോൺവെൻറിൽ പരിശീലനത്തിലായിരിക്കുന്ന പ്രീ പോസ്റ്റുലൻസി Phase IIse അർത്ഥിനികൾക്ക് പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ലിറ്റിൽ മേരി ഇന്റർവ്യു നടത്തി. ഒക്ടോബർ 24–ാം തീയതി പ്രോവിൻസ് ഡെ കോവിഡ് –19 ന്റെ പ്രത്യേക പശ്ചാതലത്തിൽ വളരെ ലളിതമായി ആഘോഷിച്ചു. പ്രോവിൻസിന്റെ ആരംഭം മുതൽ ഇന്നുവരെ ദൈവം വഴി നടത്തിയ അനുഭവങ്ങൾക്ക് നന്ദിപറഞ്ഞുകൊണ്ട് അതിരൂപതാ ചാൻസലറും അസ്സീസി മഠം ചാപ്ലെയ്നുമായ റവ. ഫാ. ഡൊമിനിക് തലക്കോടൻ ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ഈ കൊറോണ കാലഘട്ടത്തിൽ പ്രോവിൻസിലെ 56 ജൂനിയർ സിസ്റ്റേഴ്സ് ചേർന്ന് രൂപം കൊടുത്ത ‘കാണിക്ക’ എന്ന പുസ്തക സമാഹാരത്തിന്റെ പ്രകാശനവും ഈ മംഗള മുഹൂർത്തത്തിൽ നിർവ്വഹിച്ചു. 2020 നവംബർ 21–ാം തീയതി പ്രഥമവ്രതവാഗ്ദാനത്തിനും സഭാവസ്ത്രസ്വീകരണത്തിനുമായി ഒരുങ്ങികൊണ്ടിരിക്കുന്ന നോവീസസിന് അരമനയിൽ വെച്ച് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് interview നടത്തി. ചെന്നായ്പാറ ദിവ്യഹൃദയാശ്രമത്തിൽ കോവിഡ് രോഗബാധിതരായ അന്തേവാസികളെ ശുശ്രൂഷിക്കുവാൻ സി. ജോസി ഒലക്കേങ്കിൽ, സി. ശോഭി ജീസ്, സി. സോണി റാഫേൽ എന്നിവരും തൃശൂർ ജൂബിലി മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ കോവിഡ് രോഗബാധിതരായവരെ സഹായിക്കുവാൻ സി. ഗ്ലോറിയ ജീസ്, സി. ഷീബ റോസ്, സി. ഗ്രാസിയ ജോൺ എന്നിവർ സന്നദ്ധരാകുകയും തങ്ങളുടെ ശുശ്രൂഷ ആരംഭിക്കുകയും ചെയ്തു.

3. **എസ്.എ.ബി.എസ്. :** പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേപ്പാടന്റെ നാമഹേതുക തിരുന്നാൾ ഒക്ടോബർ 1 ന് പ്രൊവിൻഷ്യൽ ഹൗസിൽവച്ച് സമുചിതമായി ആഘോഷിച്ചു. സി. ജിയോ തെരേസ് ജനറലേറ്റിൽ നാലുമാസത്തെ ക്ലോയിസ്റ്റർ പൂർത്തിയാക്കി 2 ന് തിരിച്ചെത്തി. 8 ന് നടന്ന AFCM Globel Meeting – ൽ പ്രൊവിൻഷ്യൽ ടീം അംഗങ്ങൾ സംബന്ധിച്ചു. 9ന് P.P.C.സമ്മേളനം (ഗൂഗിൾ മീറ്റ്) നടന്നു. പടവരാട് ശാന്തിഭവനിൽവെച്ച് പ്രോവിൻസിലെ സൂപ്പർ സീനിയേഴ്സിനായി 10 ദിവസത്തെ ധ്യാനം നടത്തി. സി. വിനയ തച്ചിൽ, സി. ജിയോ തെരേസ്, സി. നിഷ

റോസ് എന്നിവർ ധ്യാനം നയിച്ചു. 11ന് ലോക്കൽ ഫിനാൻസ് ഓഫീസേഴ്സിനുള്ള ഗൂഗിൾമീറ്റ് നടത്തി. ചെന്നായ്പാറ ദിവ്യഹൃദയാശ്രമത്തിലെ 125 ൽ പരം അന്തേവാസികൾ കോവിഡ്19 രോഗബാധിതരായതിനെതുടർന്ന് സി. ലൈസ തെരേസ്, സി. ആൻസി റോസ്, സി. ഡാലി ജോസ്, സി. ടിൻസ മാടശ്ശേരി, സി.ജിസ് മരിയ എന്നിവരും ഇടുക്കി പ്രോവിൻസിൽനിന്നുള്ള രണ്ട് SABS സിസ്റ്റേഴ്സും രോഗബാധിതരായവർക്കിടയിൽ സേവനം അനുഷ്ഠിച്ചു.

24 മുതൽ 26വരെ ജൂനിയർ സിസ്റ്റേഴ്സിന്റെ gathering നടത്തി. സി. മരീന മുണ്ടാടൻ ഇവർക്ക് ക്ലാസ്സുകൾ നൽകി. വിവിധ സന്യാസിനീ സമൂഹങ്ങളിലെ യുവസന്യാസിനികൾക്കായി Voice of Nuns ന്റെ നേതൃത്വത്തിൽ 25–ാം തിയ്യതി സംഘടിപ്പിച്ച Webinarൽ 30 സിസ്റ്റേഴ്സ് പങ്കെടുത്തു. 26ന് 'സമൂഹ മാധ്യമയുഗത്തിലെ സന്യാസ നേതൃത്വം' എന്ന വിഷയത്തെക്കുറിച്ച് KCBC ജാഗ്രതാകമ്മീഷനും, KCMS- Voice of Nuns ഉം സംയുക്തമായി സംഘടിപ്പിച്ച Webinarൽ സിസ്റ്റേഴ്സ് പങ്കെടുത്തു. 29 ന് ജനറലേറ്റ് തലത്തിൽ നടന്ന Eucharistic Apostolate Google Meetingൽ സി. അൽഫോൻസ മൂഞ്ഞേലി, സി. വിസിറ്റേഷൻ, സി. ഫിൻസി തരകൻ എന്നിവർ പങ്കെടുത്തു. താമരശ്ശേരി, പാലാ രൂപതകളിൽ സാമൂഹ്യദ്രോഹികൾ വി. കുരിശ് അവഹേളിച്ചതിന്, പരിഹാരമായി 29–ാം തീയ്യതി പരിഹാര ആരാധന നടത്തി.

4. **സി.എച്ച്.എഫ്. :** IAP Neonatology Fellowship Examinationൽ All India level A Sr. Dr. Julia (N) ക്ക് 3rd Rank ലഭിച്ചു. സി. പ്രൊവിൻഷ്യലും സമൂഹാംഗങ്ങളും സിസ്റ്ററിന് ആശംസകൾ നേർന്നു.

## ആദരാഞ്ജലികൾ



**സി.എച്ച്.എഫ്** – തൃശ്ശൂർ ഹോളിഫാമിലി ഭവനാംഗമായ സി. പയസ് അമ്പൂക്കൻ നിര്യാതയായി. കോവിഡ് 19 പ്രോട്ടോക്കോൾ അനുസരിച്ച് ഒളരിക്കര നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ തൃശ്ശൂർ അതിരൂപത സാന്ത്വനം സോഷ്യൽ അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ ഒളരിക്കര ലിറ്റിൽ ഫ്ളവർ ദേവാലയത്തിന്റെ അസി. വികാരി ഫാ. പ്രതീഷ് കല്ലറക്കൽ സംസ്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.

**സി. റോസ് അനിത എഫ്.സി.സി.** പ്രസിഡണ്ട്

**സി. നമിത റോസ് സി.എം.സി.** സെക്രട്ടറി

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ സ്നേഹം നിറഞ്ഞ കുഞ്ഞുമക്കളേ,

കൊറോണ കാലഘട്ടത്തിലെ ക്രിസ്തുമസ് ആഘോഷത്തിനായി നാം ഒരുങ്ങുകയാണ്. ക്രിസ്തുമസ് എന്ന് പറയുമ്പോൾ എന്തൊക്കെ കാര്യങ്ങളാണ് നിങ്ങളുടെ മനസ്സിലേക്ക് കടന്നുവരുന്നത്? ഉണ്ണീശോ, പുൽക്കൂട്, നക്ഷത്രം, കരോൾ, ക്രിസ്മസ് ട്രീ, കേക്ക്, ക്രിസ്മസ് കാർഡ്, ഗിഫ്റ്റ്. ഈ കൊറോണ ഇല്ലെങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് നമ്മൾ ക്രിസ്തുമസിന് ഒരുക്കമായി ചെയ്യുന്നത്? ഒന്നാം തീയതി തന്നെ നക്ഷത്രം തൂക്കും. ട്രീ ഉണ്ടാക്കും. ക്രിസ്മസ് കേക്ക് മുറിക്കും. ക്രിസ്മസ് ഫ്രണ്ടിന് ഗിഫ്റ്റ് കൊടുക്കും. ആത്മീയമായി എങ്ങനെയൊക്കെയാണ് ഒരുങ്ങാറുള്ളത്? 25 ദിവസം നോമ്പ് എടുക്കും. 25 ദിവസവും മുടങ്ങാതെ പള്ളിയിൽ പോകും. കുമ്പസാരിച്ച് ഒരുങ്ങി പാതിരാ കുർബാനയിൽ പങ്കെടുക്കും. സുകൃത ജപങ്ങൾ ചൊല്ലും. ആത്മീയമായ ഒരുക്കമാണ് നമുക്ക് കൂടുതൽ ഉണ്ടാകേണ്ടത്. നമ്മുടെ ഈ ആത്മീയ സന്തോഷം പ്രകടിപ്പിക്കാനാണ് മറ്റ് ആഘോഷങ്ങളൊക്കെ.

ഈ ക്രിസ്തുമസ് എന്ന് പറഞ്ഞാൽ എന്താണ്? വി. ലൂക്കായുടെ സുവിശേഷം രണ്ടാം അധ്യായം 10–11 വാക്യങ്ങളിൽ നാം വായിക്കുന്നു. "ദൂതൻ അവരോടു പറഞ്ഞു. ഭയപ്പെടേണ്ടാ ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ കർത്താവായ ക്രിസ്തു ഇന്നു ജനിച്ചിരിക്കുന്നു." ഇതാണ് ക്രിസ്തുമസ്. ഞാൻ ഇപ്പോൾ രണ്ടു വാർത്ത നിങ്ങളെ അറിയിക്കാം. ഒന്നാമത്തെ

വാർത്ത തൃശ്ശൂരിൽ ഒരു ജോസേട്ടന് 5 ലക്ഷം രൂപ ലോട്ടറി അടിച്ചു. രണ്ടാമത്തെ വാർത്ത കൊറോണ വൈറസിന് മരുന്ന് കണ്ടുപിടിക്കാൻ പോകുന്നു. ഇതിൽ ഏതു വാർത്തയാകും നിങ്ങൾക്ക് കൂടുതൽ സന്തോഷം നൽകുന്നത്? രണ്ടാമത്തെ വാർത്തയാകും. ഒന്നാമത്തെ വാർത്ത ലോട്ടറിയടിച്ച ജോസേട്ടനും ജോസേട്ടന്റെ കുടുംബത്തിനുമാത്രം സന്തോഷം നൽകുന്നതാണ്. എന്നാൽ രണ്ടാമത്തെ വാർത്ത ലോകം മുഴുവനും സന്തോഷം നൽകുന്നു. ലൂക്കാ 2:10 " ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു". ഈ സദ്‌വാർത്ത നമുക്ക് എല്ലാവർക്കും ഉള്ളതാണ്. അത് ലോകവസാനം വരെ മനുഷ്യരക്ഷക്കായി ഒരു രക്ഷകൻ ജനിച്ചിരിക്കുന്നു എന്ന സദ്‌വാർത്തയാണ്. ഇത് നമുക്ക് ഒരു സന്തോഷം നൽകുന്നില്ലേ? സാധാരണ നമ്മൾ സന്തോഷമുണ്ടായാൽ അത് പ്രകടിപ്പിക്കുകയാണ് ചെയ്യുക. ഈ സദ്‌വാർത്തയുടെ സന്തോഷം പ്രകടിപ്പിക്കാനും അത് ലോകത്തെ മുഴുവൻ അറിയിക്കാനുമാണ് നമ്മുടെ നക്ഷത്രം ഇടുന്നത്, പുൽക്കൂട് ഉണ്ടാക്കുന്നത്, കേക്ക് മുറിക്കുന്നത്.

ഇതോടൊപ്പം തന്നെ ഈ സദ്‌വാർത്തയായ രക്ഷകന്റെ ജനത്തിനുവേണ്ടി നമുക്ക് ഒരുങ്ങുകയും ചെയ്യണം. 25 ദിവസം നോമ്പ് എടുക്കുന്നതും, മുടങ്ങാതെ 25 ദിവസം വിശുദ്ധ ബലിയിൽ പങ്കെടുക്കുന്നതും സുകൃതജപങ്ങൾ ചെല്ലുന്നതും എല്ലാം ഒരുക്കത്തിൽ പെട്ടതാണ്. എന്നാൽ എന്റെ ആഗ്രഹം കുട്ടികളായ നിങ്ങൾ ഒന്നുകൂടി നന്നായി ഒരുങ്ങണം എന്നതാണ്. ഈ സദ്‌വാർത്ത പൂർത്തീകരിക്കുന്നതിനായി ദൈവം തെരഞ്ഞെടുത്തത് പരി. അമ്മയെയാണ്. ദൈവം ഗബ്രിയേൽ ദൂതൻ വഴി മറിയത്തെ ഈ സദ് വാർത്ത അറിയിച്ചപ്പോൾ പരി. അമ്മയുടെ മറുപടി, ലൂക്കായുടെ സുവിശേഷം 1:38 ൽ വായിക്കുന്നു "ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ." ദൈവവചനത്തെ അനുസരിക്കുകയാണ് പരിശുദ്ധ അമ്മ ചെയ്തത്. ദൈവവചനത്തെ സ്നേഹിച്ചു കൊണ്ടും ദൈവവചനം അനുസരിച്ചുകൊണ്ടുമാണ് രക്ഷകൻ ജനിച്ചിരിക്കുന്നു എന്ന സദ്‌വാർത്തക്കുവേണ്ടി നമ്മൾ ഒരുങ്ങേണ്ടത്. ഈ 25 ദിവസങ്ങളിൽ ദൈവവചനം വായിക്കാനും പഠിക്കാനും കൂടുതൽ സമയം ചെലവഴിക്കണം. ഡിസംബർ 1 മുതൽ 24 വരെ ഒരോ ദിവസവും വി. ലൂക്കായുടെ സുവിശേഷം ഓരോ അധ്യായം വച്ച് വായിക്കുക. അതു പോലെതന്നെ യേശുവിന്റെ വംശാവലിയും യേശുവിന്റെ ജനനവും ഉൾക്കൊള്ളുന്ന വി.മത്തായിയുടെ സുവിശേഷം 1–ാം അദ്ധ്യായത്തിലെ 25 വാക്യങ്ങൾ 1–ാം തീയതി മുതൽ 25–ാം തീയതി വരെ ഓരോ ദിവസവും

ഓരോ വചനം പഠിക്കണം. അങ്ങനെ ഡിസംബർ 25–ാം തീയതി ആകുമ്പോൾ ഒരു അദ്ധ്യായം മുഴുവനും ഹൃദ്യസ്ഥമാക്കണം.

ഇനി രണ്ടാമത്തെ കാര്യം. മംഗളവാർത്ത ലഭിച്ചതിനുശേഷം യേശുവിന്റെ ജനനത്തിനു മുൻപ് പരി. അമ്മ നടത്തിയ യാത്രകളെപറ്റി സുവിശേഷത്തിൽ നാം വായിക്കുന്നുണ്ട്. രണ്ടു യാത്രകളാണ് മറിയം നടത്തിയത്. ഒന്ന് എലിസബത്തമ്മയെ സന്ദർശിക്കാനും രണ്ടു പേരെഴുതിക്കാനും. ഒന്നാമത്തെയാത്ര എലിസബത്തിനെ ശുശ്രൂഷിക്കാനായിരുന്നു. അത് ഒരു ശുശ്രൂഷയുടെ യാത്രയായിരുന്നു. രണ്ടാമത്തേത് ഗർഭിണിയായിരിക്കുന്ന സാഹചര്യത്തിലുള്ള യാത്ര. അത് സഹനത്തിന്റേ തായിരുന്നു അഥവാ ത്യാഗത്തിന്റേതായിരുന്നു. 25 ദിവസം മറ്റുള്ളവരെ ശുശ്രൂഷിക്കാനും ത്യാഗങ്ങൾ ചെയ്യാനുള്ള മനസ്സുമാണ് നമ്മുടെ രണ്ടാമത്തെ ഒരുക്കം എന്ന് പറയുന്നത്. മാതാപിതാക്കളെ വീട്ടിലെ ജോലികൾ സഹായിക്കുക. നമുക്ക് ഇഷ്ടമുള്ള ചില കാര്യങ്ങളിൽ നിന്ന് ത്യാഗമനോഭാവത്തോടു മാറിനിൽക്കുക തുടങ്ങിയ കാര്യങ്ങളാണ് ഇവ.

എല്ലാ വർഷത്തെയും പോലെ ഈ വർഷവും ഡിസംബർ 27ന് ബോൺ നത്താലെ ഘോഷയാത്ര സംഘടിപ്പിക്കുവാൻ ഈ കൊറോണയുടെ പശ്ചാത്തലത്തിൽ നമുക്ക് സാധിക്കില്ല. ഇടവക പള്ളികളിൽ പോലും ക്രിസ്തുമസ് കരോൾ നടത്താൻ സാധിക്കുമെന്ന് തോന്നുന്നില്ല. എന്നാൽ ഈ വർഷം മറ്റൊരു കാര്യം ഞാൻ നിങ്ങൾക്ക് മുൻപിൽ അവതരിപ്പിക്കുകയാണ്. ഫാമിലി കരോൾ. കോവിഡിന്റെ എല്ലാ മാനദണ്ഡങ്ങളും പാലിച്ച് നമ്മുടെ കുടുംബം മുഴുവനും ക്രിസ്തുമസ് ദിനത്തിൽ തൊട്ടടുത്ത ഭവനം സന്ദർശിച്ച് അവർക്ക് ക്രിസ്തുമസ് ആശംസകൾ നേരുന്നു. കൂട്ടത്തിൽ നമുക്ക് സാധിക്കാവുന്ന ചെറിയൊരു സമ്മാനവും നൽകുന്നു.

ഈ കൊറോണ കാലഘട്ടത്തിലും നല്ലൊരു ക്രിസ്തുമസ് നിങ്ങൾക്ക് ആശംസിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസ പരിശീലന കേന്ദ്ര വാർത്തകൾ

ക്രിസ്തുമസ്സിനെ വരവേൽക്കാൻ നാടെല്ലാം ഉണർന്നുകഴിഞ്ഞു. ദൈവപിതാവിന് സ്തുതികളർപ്പിക്കുക. ഒരേ ദൈവപിതാവിന്റെ മക്കളെന്ന് പരസ്പരം അംഗീകരിച്ച് സാഹോദര്യത്തിൽ വർത്തിക്കുക – ഭൂമിയിൽ മനുഷ്യർക്ക് സമാധാനമുണ്ടാകാനുള്ള വഴികൾ ഈശോ ഇതാ തുറന്നിട്ടിരിക്കുന്നു. “ഞങ്ങളുടെ ഇടയിൽ നിന്റെ സമാധാനവും ഹൃദയങ്ങളിൽ ശാന്തിയും പുലർത്തണമേ” എന്ന വി. കുർബാനയിലെ പ്രാർത്ഥന നമ്മിൽ യാഥാർത്ഥ്യമാകാൻ, ദൈവപുത്രൻ വന്നുപിറക്കുന്നതിന് നമ്മുടെ ഹൃദയപുൽക്കൂടുകൾ നമുക്ക് ഒരുക്കാം. ദൈവപുത്രന്റെ മനുഷ്യാവതാരത്തിന്റെ മംഗളങ്ങളും അനുഗ്രഹങ്ങളും എല്ലാവർക്കും ആശംസിക്കുന്നു.

1. **ആപ്റ്റിറ്റ്യൂഡ് അതിരൂപതാതല പരീക്ഷ**

   ആപ്റ്റിറ്റ്യൂഡ് അതിരൂപതാതല പരീക്ഷയെക്കുറിച്ചുള്ള വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

2. **മുടങ്ങാതെ വന്ന അധ്യാപകർക്കുള്ള അവാർഡിന് അർഹരായവർ.** താഴെ കൊടുത്തിട്ടുള്ള ലിസ്റ്റ് ശ്രദ്ധാപൂർവ്വം വായിച്ച് തിരുത്തലുകൾ ഉണ്ടെങ്കിൽ ഡിസംബർ 10 നുള്ളിൽ അറിയിക്കേണ്ടതാണ്. അവാർഡ്ദാനം 2021 ജനുവരി 26 (സാഹചര്യം അനുകൂലമാണെങ്കിൽ മാത്രം)

| Sl. No. | Name | Unit |
|---|---|---|
| | **10 Years** | |
| 1. | Paulose | Marottichal |
| 2. | Priya Joy | Vaniampara |
| 3. | Paulose C I | Thandilam |
| 4. | Lucy Jose | Thandilam |
| 5. | Joy M. A. | Perinchery |
| 6. | Jessy Lonappan | Kottekad |
| 7. | Joseph T L | Parannur |
| 8. | Gracy Joseph | Varandarappilly |
| 9. | Prince Menachery | Madona Nagar |
| 10. | Shoji George A | Varandarappilly |
| 11. | Jessy V A | Chiyyaram |

| 15 Years | | |
|---|---|---|
| 1. | Vinitha Xavier | Vellarakkad |
| 2. | JiJi Xavier | Vellarakkad |
| 3. | Lissy K. C. | Ollur Mary Matha |
| 4. | Baby Johny | Ayyanthole |
| **25 Years** | | |
| 1. | Varghese K. J. | Ponnore |

### 3. സർവ്വീസ് അവാർഡ്

ഞായറാഴ്ച വിശ്വാസപരിശീലനത്തിൽ 31-05-2020 വരെയുള്ള സർവ്വീസിന്റെ അടിസ്ഥാനത്തിൽ, ഈ വർഷം സർവ്വീസ് അവാർഡിന് അർഹരായവരുടെ പേരുവിവരം താഴെ കൊടുക്കുന്നു. ലിസ്റ്റ് ശ്രദ്ധാപൂർവ്വം വായിച്ച് തങ്ങളുടെ യൂണിറ്റിൽ നിന്നും അവാർഡിന് അർഹരായവരുടെ പേരുവിവരങ്ങൾ ഉണ്ട് എന്ന് പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തേണ്ടതാണ്. ഇല്ലാത്തപക്ഷം എത്രയുംപെട്ടെന്ന് വിശ്വാസപരിശീലന കേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണ്. ലിസ്റ്റിൽ ഉള്ളതുപോലെയാണ് പേരുകൾ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തപ്പെടുന്നത്. കൊടുത്തിരിക്കുന്ന പേരുകളിൽ എന്തെങ്കിലും അക്ഷരത്തെറ്റുകൾ ഉണ്ടെങ്കിൽ ഉടൻതന്നെ സോഫ്റ്റ് വെയറിൽ തിരുത്തലുകൾ വരുത്തുകയും വിശ്വാസപരിശീലനകേന്ദ്രത്തിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്. സർട്ടിഫിക്കറ്റുകൾ പിന്നീട് തിരുത്തി നൽകുവാൻ സാധിക്കില്ല. ഡിസംബർ–10 നുശേഷം വരുന്ന തിരുത്തലുകൾ സ്വീകരിക്കുന്നതല്ല. അവാർഡ്ദാനം 2021 ജനുവരി 26. (സാഹചര്യം അനുകൂലമാണെങ്കിൽ മാത്രം)

| 15 Years | | |
|---|---|---|
| | **Name** | **Unit** |
| 1 | Mrs. Marina Joy | Arampilly |
| 2 | Mrs. Sheena Tomi | Arampilly |
| 3 | Mrs. Rani Francis | Aranattukara |
| 4 | Mr. Stanlin Raphel | Aranattukara |
| 5 | Mrs. Nija N J | Attupuram |
| 6 | Mrs. Shaji Michael | Avanur |
| 7 | Mrs. Mary Raju | Ayyanthole |
| 8 | Mr. Ajayan Aloor | Brahmakulam |
| 9 | Mrs. Jessy Shaju | Chemmannur |
| 10 | Mrs. Joicy Justin | Chemmannur |
| 11 | Mrs. Ligy Francis | Chemmannur |
| 12 | Mrs. Jasmin P J | Chengaloor |

| | | |
|---|---|---|
| 13 | Sr. Mrudula Fcc | Cherpu |
| 14 | Mrs. Leena Kurian | Cherumkuzhy |
| 15 | Mrs. Meera Benny | Chettupuzha |
| 16 | Mrs. Jancy Joy | Edakkalathur |
| 17 | Mrs. Jessy Wilson | Eyyal |
| 18 | Mrs. Moly Shaju | Kandassankadavu |
| 19 | Mr. Sibi Thomas | Kannara |
| 20 | Seena Saajan | Karamuck |
| 21 | Mr. Joshy A P | Kolazhy |
| 22 | Mrs. Joffy Sunny | Kottapady |
| 23 | Mrs. Leema Lazer | Kottapady |
| 24 | Mrs. Riya Joseph | Kottapady |
| 25 | Mrs. Valsa Anto | Kottapady |
| 26 | Mrs. Mini Johnson | Kumbalangad |
| 27 | Sr. Rani Mariya | Kundukad |
| 28 | Mrs. Darly Varghese | Kuriachira |
| 29 | Mrs. Feena Davis | Kuriachira |
| 30 | Sr. Hima John Chf | Mannuthy |
| 31 | Mr. Sabu Jose | Marathakkara |
| 32 | Mrs. Sheeba Shajan | Marathakkara |
| 33 | Sr. Aneeja C S C | Marathamkode |
| 34 | Jancy Dominic | Mukkattukara |
| 35 | Mr. Joseph Antony | Mukkattukara |
| 36 | Mrs. Jessy Varghes | Mullurkara |
| 37 | Miss. Lusy K A | Mundathikode |
| 38 | Mrs. Ruby Francis | Nambazhikad |
| 39 | Mrs. Reeja Varghese | Nandipulam North |
| 40 | Jessy Anto | Nedupuzha |
| 41 | Jainy Mohan | Nehru Nagar |
| 42 | Mrs. Elsa Babu | Nellankara |
| 43 | Mr. Ashish George | Nellikkunnu |
| 44 | Mr. Shaju A D | Nellikkunnu |
| 45 | Sr. Ceslit C S C | North Pudukad |
| 46 | Rev. Sr. Dr. Ann Caroline | Olarikkara |
| 47 | Mrs. Veronica Wilson | Olarikkara |
| 48 | Mr. Dias Chakkalakal | Ollukkara |
| 49 | Mrs. Lima Soby | Ollur |
| 50 | Mrs. Lissy Vincent | Ollur |
| 51 | Mr. Davis Attupuram | Ollur Marymatha |
| 52 | Mrs. Jessy Franco | Ollur Marymatha |
| 53 | Mrs. Daisy Anto | Orumanayur |

| | | |
|---|---|---|
| 54 | Mrs. Maries Varghese | Orumanayur |
| 55 | Lissy Antony | Palayur |
| 56 | Mrs. Mini Francis | Pallikkunnu |
| 57 | Mr. Shaju K D | Pallikkunnu |
| 58 | Mrs. Rani Babu | Parakkad |
| 59 | Mrs. Baby Antony | Parappur |
| 60 | Mrs. Elsy Peter | Parappur |
| 61 | Mrs. Flory Davis | Parappur |
| 62 | Miss. Thressiama T.o. | Pazhuvil |
| 63 | Mrs. Mareena Davis | Perinchery |
| 64 | Mrs. Mareena Vallachirakkaran | Perinchery |
| 65 | Sr. Lisset Fcc | Peringottukara |
| 66 | Mrs. Sheeba | Poothole |
| 67 | Mrs. Ligi Reemas | Pudukad |
| 68 | Mrs. Vinitha Shoji | Pudukad |
| 69 | Mrs. Lucy Francis | Pullazhi |
| 70 | Mrs. Amala Jose | Puranattukara |
| 71 | Mrs. Flory David | Puranattukara |
| 72 | Mrs. Sheela Johnson | Puranattukara |
| 73 | Mrs. Siji Raphy | Puthenpeedika |
| 74 | Mr. Jacob K. L. | Puthur |
| 75 | Joshy E. K. | Puthuruthy |
| 76 | Rev. Sr. Fassany Csc | Thaikkattussery |
| 77 | Aji Jose | Thrissur Dolours |
| 78 | Reagan Thimothy | Thrissur Dolours |
| 79 | Mr. Aji Jose | Thrissur Dolours |
| 80 | Mr. Baby Nirappel | Valakkavu |
| 81 | Mrs. Mary Baby | Valakkavu |
| 82 | Mrs. Mary A O | Varakkara South |
| 83 | Mrs. Leena Jiji | Veendassery |
| 84 | Mrs. Daisy Pius | Vellarakkad |
| 85 | Mrs. Gigi Xavier | Vellarakkad |
| 86 | Miss. Lucy Jenson | Vendore |
| 87 | Rev. Sr. Mary Sheena | Vijayapuram |
| 88 | Mrs. Jancy Joseph | Vijayapuram |
| 89 | Mrs. Jilly Sunny | Wadakkanchery |
| | **25 Years** | |
| 1 | Mrs. Rayee Sebi | Aranattukara |
| 2 | Mrs. Omana Jacob | Arimpur |
| 3 | Mr. Joshy Paul V | Chemmannur |

| | | |
|---|---|---|
| 4 | Mrs. Kochutheresia Francis | Chemmannur |
| 5 | Mrs. Princy Cleetus | Chemmannur |
| 6 | Mr. Dixon Abraham | Cherpu |
| 7 | Mr. Sebastian I V | Cherpu |
| 8 | Rev. Sr. Teslin Vadakumchery | Chettupuzha |
| 9 | Mrs. Sheela Bosco | Chevoor |
| 10 | Mrs. Sherly Francis | Chittattukara |
| 11 | Mrs. Valsa Jose | Koottala |
| 12 | Mr. Varghese P O | Kuriachira |
| 13 | Mr. Reji Paul | Marathakkara |
| 14 | Mrs. Mercy Jose | Mattom |
| 15 | Mr. Biju Thomas | Mulayam |
| 16 | Miss. Veronikka | Mundathikode |
| 17 | Sr. Reeja Therese | Nadathara |
| 18 | Sr. Janet C M C | Ollur Marymatha |
| 19 | Mrs. Pushpam M A | Pallikkunnu |
| 20 | Mrs. Rosy E V | Pallikkunnu |
| 21 | Mr. Esydhore T J | Parannur |
| 22 | Mr. Jain C John | Parappur |
| 23 | Mr. Joby C J | Pavaratty |
| 24 | Mrs. Sheela Davis | Ponnore |
| 25 | Mrs. Rosily Rappai | Porathur |
| 26 | Mr. Job C.t | Puranattukara |
| 27 | Mr. Rappai A F | Thaikkattussery |
| 28 | Mr. Babu John P | Thiroor |
| 29 | Mrs. Treesa Varghese | Thiroor |
| 30 | Mr. Paul V D | Tholur |
| 31 | Mr. Ignatious Antony | Thrissur Lourdes |
| 32 | Mr. Thomas Augustine | Thrissur Lourdes |
| 33 | Mr. Jerry. M.o | Vadookara |
| 34 | Mr. Raphy. P.j | Vadookara |
| 35 | Mr. Joseph Vc | Valakkavu |
| 36 | Mrs. Jolly Thomas | Varandarappilly |
| 37 | Mr. Shoji George | Varandarappilly |
| 38 | Laly Kuriyan | Veendassery |
| 39 | Mrs. Leena Yohannan | Vellarakkad |
| 40 | Mr. Devassy T P | Viyyur |
| 41 | Mr. Reems P P | Wadakkanchery |
| 42 | Mr. Santy Abraham | Wadakkanchery |

| 35 Years | | |
|---|---|---|
| 1 | Mr. Shajan C L | Chowannur |
| 2 | Mr. Antony K V | Kuriachira |
| 3 | Mr. C.d Davis | Ollur |
| 4 | Mr. Jolly C.f | Padavarad |
| 5 | Mr. Shaju C Thomas | Palakkal |
| 6 | Mr. Tony Cj | Ponnore |
| 7 | Mr. Varghese Muthipeedika | Thaikkattussery |
| 8 | Mr. Babu C P | Thandilam |
| 9 | Mr. Justin T Peramangalath | Thiroor |
| 10 | Mr. Xavier C J | Thrissur Lourdes |
| 11 | Mr. Johnson C I | Vadookara |
| 12 | Mrs. Selina George | Valakkavu |
| 13 | Mr. Seby Manjaly | Varandarappilly |
| 14 | Thomas N V | Villadam |
| 45years | | |
| 1 | Mr. Baby C S | Machad |
| 2 | Lilly M V | Mannuthy |
| 3 | Mr. Kuriappan P C | Paravattani |
| 4 | Mr. Antony P. V | Pudukad |

**4. വിരമിച്ച അധ്യാപകർ**

താഴെ കൊടുത്തിട്ടുള്ള ലിസ്റ്റ് ശ്രദ്ധാപൂർവ്വം വായിച്ച് തിരുത്തലുകൾ ഉണ്ടെങ്കിൽ ഡിസംബർ 10 നുള്ളിൽ അറിയിക്കേണ്ടതാണ്. അവാർഡ്ദാനം 2021 ജനുവരി 26 (സാഹചര്യം അനുകൂലമാണെങ്കിൽ മാത്രം)

| | | |
|---|---|---|
| 1 | Jose Ainikkal | Aranattukara |
| 2 | George A D | Aranattukara |
| 3 | Sicily | Aranattukara |
| 4 | Francis M K | Aranattukara |
| 5 | Xavier P M | Aranattukara |
| 6 | Rosemary Francis | Aranattukara |
| 7 | Francis K. O. | Chemmannur |
| 8 | Jose B A | Chettupuzha |
| 9 | Francis P A | Chettupuzha |
| 10 | Francis E D | Chevoor |
| 11 | Francis A M | Chevoor |
| 12 | Jacob Perumbilly | Chevoor |
| 13 | Rappai A P | Chevoor |
| 14 | Pauly E D | Chevoor |

| | | |
|---|---|---|
| 15 | Thressiama V O | Chevoor |
| 16 | Mrs. Anna Flory | Galilee |
| 17 | Rosily Thomas | Guruvayur |
| 18 | Lawrance P I | Kandanassery |
| 19 | Mrs. Kochumary A V | Kandassankadavu |
| 20 | Mr. George K L | Kandassankadavu |
| 21 | Mr. Thomas A A | Kanjany |
| 22 | Mrs. Baby T D | Kanjany |
| 23 | Mrs. Emily K. R. | Kanjany |
| 24 | Paulose A D | Kanjany |
| 25 | Mr. Peter V R | Karamuck |
| 26 | Varied K L | Kodannur |
| 27 | Mrs. Mary John | Koonammoochy |
| 28 | Jacob C J | Kottapadi |
| 29 | Mary P S | Kottapadi |
| 30 | Mrs. Achamma Peter | Kottekad |
| 31 | Annie George | Kundannur |
| 32 | Mary Joseph | Kundukad |
| 33 | John C M | Kuriachira |
| 34 | Elsy David | Kuriachira |
| 35 | Reetha Francis | Kuriachira |
| 36 | Antony T I | Kuttur |
| 37 | Paul M A | Kuttur |
| 38 | Rosy Varghese | Kuttur |
| 39 | Emily Ponmany | Manakody |
| 40 | Clara Jose | Mannuthy |
| 41 | Kuriakku E K | Mattom |
| 42 | Joseph E T | Mattom |
| 43 | Kuriakku Tharakan | Mattom |
| 44 | Alphonsa Raphael | Mattom |
| 45 | Omana Aippunny | Mattom |
| 46 | Jose Master C. P. | Mundur |
| 47 | Mary Varghese | Mundur |
| 48 | Johny Therattil | Nehru Nagar |
| 49 | Rev. Sr. Rose Ambooken | Nehru Nagar |
| 50 | Jose T. V. | Nenmanikkara |
| 51 | Baby George | Nirmalapuram |
| 52 | Rev. Sr. Cacious | Olarikkara |
| 53 | Mrs. Allyamma P P | Olarikkara |
| 54 | Mrs. Liza M. Antony | Olarikkara |

| | | |
|---|---|---|
| 55 | Lisa M. Antony | Olarikkara |
| 56 | Mary M K | Ollur |
| 57 | Nirmala Anto | Ollur |
| 58 | Elsy K D | Ollur |
| 59 | Philomina C D | Ollur |
| 60 | Davis Kattookaran | Ollur |
| 61 | Lucy V M | Orumanayur |
| 62 | John V C | Parannur |
| 63 | Jose N C | Parappur |
| 64 | Sr. Celsus Csc | Parempadam |
| 65 | Mr. Peter T L | Pazhuvil |
| 66 | Maggie Francis | Perinchery |
| 67 | Mr. Paul T. A. | Pudussery |
| 68 | Kochuthresia Kuriakose | Thandilam |
| 69 | Kochuthressia | Vaka |
| 70 | Jose K M | Veendassery |
| 71 | Kochumary N V | Vellarakkad |
| 72 | Joseph P J | Vettukad |
| 73 | Sebastian T T | Vettukad |
| 74 | Jose C J | Vettukad |

**ക്രിസ്തുമസ് ആശംസകളോടെ,**

സസ്നേഹം,

**ഫാ. റോയ്സൺ കൊള്ളന്നൂർ**
**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
**ഫാ. ജിക്സൺ മാളോക്കാരൻ**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

## നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ എന്നെ കണ്ടെത്തും.

*ജറെമിയാ 29 : 13*

# Institute of THEOLOGY

TRICHUR INSTITUTE OF THEOLOGY

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies:**

ബെൽജിയത്തെ ലുവെയ്ൻ കാത്തലിക് യൂണിവേഴ്സിറ്റിയുമായി അഫിലിയേഷൻ ഉള്ള ഈ കോഴ്സ് ഞായറാഴ്ചകളിൽ 2 PM മുതൽ 5 PMവരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10 AM മുതൽ 5 PMവരെയും നടത്തപ്പെടുന്നു. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് D B C L C യിലെ Institute of Theology Office- മായി ബന്ധപ്പെടുക. B.A. വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ , ഡിസംബർ മാസത്തിൽ വളരെ ഭംഗിയായി നടത്തപ്പെട്ടുകൊണ്ടിരിക്കുന്നു. മുൻവർഷത്തെ പരീക്ഷകൾ പൂർത്തിയാക്കാത്തവർക്ക് അതിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. ലുവെയ്ൻ കാത്തലിക് യൂണിവേഴ്സിറ്റിയുമായി അഫിലിയേഷൻ അടുത്ത അഞ്ചുവർഷത്തേക്കു കൂടി നവംബറിൽ (15/11/2020) അംഗീകാരം ലഭിച്ചു.

**2. Diploma in Theology Course:**

24 വിഷയങ്ങളുള്ള ഈ കോഴ്സ് മാസംതോറും രണ്ടുക്ലാസ്സുകൾ എന്ന ക്രമത്തിൽ ഒരുവർഷംകൊണ്ട് പൂർത്തിയാക്കാവുന്നതാണ്. അടുത്ത ക്ലാസ്സുകൾ ഡിസംബർ 2, 4 എന്നീ ഞായറാഴ്ചകളിൽ നടത്തപ്പെടുന്നതാണ്.

**3. Six Month Theology Course:**

സന്യാസിനികൾക്കായി 6 Months regular Theology Course, affiliated to Chair for Christian Studies and Research of Calicut University ക്ലാസ്സുകൾ മേരിമാതാ സെമിനാരിയിൽ നടന്നുകൊണ്ടിരിക്കുന്നു.

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ



# മേരിമാത സെമിനാരി

1. **പ്രേഷിതദിനം**

   2020 ഒക്ടോബർ 25ാം തിയ്യതി പ്രേഷിതദിനമായി മേരിമാതാ മേജർ സെമിനാരിയിൽ ആചരിച്ചു. സി.എം.ഐ. സഭാംഗമായ ഫാ. ജിജോ തീത്തായി വിശുദ്ധ കുർബാനയർപ്പിച്ച് പ്രേഷിതദിന സന്ദേശം നൽകി. ശ്രീ. സീറ്റ്ലി ജോർജ്ജ് (ഫിയാത്ത് മിഷൻ) തന്റെ പ്രേഷിതാനുഭവങ്ങൾ പങ്കുവച്ചു.

2. **കുടുംബദിനം**

   നവംബർ 7–ാം തിയ്യതി കുടുംബദിനം ആചരിച്ചു. അന്നേദിവസം രാവിലെ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചു. സെമിനാരികുടുംബത്തിന് ദൈവം നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും നന്ദിയർപ്പിച്ചുകൊണ്ടുള്ള പ്രാർത്ഥനാശുശ്രൂഷ ഉച്ചഭക്ഷണത്തിനുമുമ്പ് നടത്തി. കുടുംബദിനത്തോടനുബന്ധിച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും മാർ ടോണി നീലങ്കാവിൽ പിതാവും സന്ദേശങ്ങൾ നൽകി.

3. **മാസധ്യാനം**

   നവംബർ മാസത്തെ ധ്യാനം 13, 14 തിയ്യതികളിലായിരുന്നു. ഫാ. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിൽ ധ്യാനചിന്തകൾ പങ്കുവച്ചു.

4. **വിശുദ്ധ സിസിലിയുടെ തിരുനാൾ**

   ദൈവാലയ ഗായകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വിശുദ്ധ സിസിലിയുടെ തിരുനാൾ നവംബർ 22–ാം തിയ്യതി സമുചിതമായി ആചരിച്ചു. അന്നേദിവസം വൈദികവിദ്യാർത്ഥികളിൽ ചിലർ ഗാനങ്ങളാലപിച്ചു തങ്ങളുടെ മികവ് തെളിയിച്ചു.

5. **ബേഴ്സ് സ്ഥാപിച്ചവർ**

   **Patron Membership**

1. റവ. സി. പ്രൊവിൻഷ്യൽ സുപ്പീരിയർ, നിർമ്മൽ റാണി അഡോറേഷൻ പ്രൊവിൻഷ്യൽ ഹൗസ്, ചേറ്റുപുഴ, തൃശൂർ.

   **Benefactor Membership**

1. ശ്രീ. പി. ഐ. റോബർട്ട്, പാലത്തിങ്കൽ ഹൗസ്, കല്ലൂർ വെസ്റ്റ്, തൃശൂർ.

**Wellwisher Membership**

1. ശ്രീ. ജോർജ്ജ് പോൾ എൻ., നീലങ്കാവിൽ ഹൗസ്, മമ്മിയൂർ, തൃശൂർ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

1. **ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ വിഭാഗം: ഇ–ക്വിസ് മത്സരം**

   ഇന്റർനാഷണൽ ഇൻഫെക്ഷൻ പ്രിവെൻഷൻ വീക്കിനോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഓൺലൈനായി ഇ–ക്വിസ് മത്സരം സംഘടിപ്പിച്ചു.

   അണുബാധ തടയുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുവാൻ APIC സംഘടിപ്പിക്കുന്ന വാർഷിക അവബോധ campaign ആണ് ഇന്റർനാഷണൽ ഇൻഫെക്ഷൻ പ്രിവെൻഷൻ വീക്ക് (IIPW). ആശുപത്രികൾ, നേഴ്സിങ്ങ് തുടങ്ങിയ ആരോഗ്യപരിരക്ഷാ സൗകര്യങ്ങളിൽ അണുബാധ തടയാൻ പ്രവർത്തിക്കുന്ന രോഗിസുരക്ഷാ വിദഗ്ധരാണ് IPs (ഇൻഫെക്ഷൻ പ്രിവെൻഷനിസ്റ്റ്സ്). അതുകൊണ്ടുതന്നെ – We love IPs (എന്നതായിരുന്നു 2020 ഇന്റർനാഷണൽ ഇൻഫെക്ഷൻ പ്രിവെൻഷൻ വീക്കിന്റെ തീം.)

2. **റേഡിയോളജി ദിനം**

   സർ വില്യം കോൺറാഡ് റോജന്റെ അത്ഭുതകരമായ X-RAY കണ്ടുപിടുത്തം വൈദ്യശാസ്ത്രത്തിന് അതിവിശാലമായ രോഗനിർണ്ണയവീഥി തുറന്നുകൊടുത്തു. വളരെ ചുരുങ്ങിയ കാലയളവിൽ, ശാസ്ത്രത്തിന്റെ വളർച്ചക്കൊപ്പം റേഡിയോളജിയും അതിശീഘ്രം വളർന്ന ഒരു വൈദ്യശാസ്ത്ര മേഖലയായി മാറി. MRI സ്കാനും, ഇന്റർവെൻഷണൽ റേഡിയോളജിയും രോഗ

നിർണ്ണയത്തിനും ചികിത്സക്കുമുള്ള നൂതന സംവിധാനങ്ങളാണ്. പാർശ്വഫലങ്ങളില്ലാത്ത രോഗനിർണ്ണയ സംവിധാനമായ അൾട്രാസൗണ്ട് സ്കാനിങ്ങ് ഗർഭസ്ഥശിശുവിന്റെ പ്രാഥമിക രോഗനിർണ്ണയത്തിനും, ഉദരാവയവങ്ങളെക്കുറിച്ചും രക്തധമനികളിലൂടെയുള്ള രക്തചംക്രമണത്തിന്റെ പഠനത്തിനും പ്രധാനമായ ഒരു ശാസ്ത്രശാഖയായി വളർന്നിരിക്കുകയാണ്. ഇന്ന് റേഡിയോളജി വിഭാഗം രോഗനിർണ്ണയരംഗത്ത് മാത്രമല്ല ചികിത്സാരംഗത്തും അതിന്റെ പ്രാഗൽഭ്യം എടുത്ത് കാണിച്ച്, ശാഖോപശാഖകളായി വളർന്ന്, നേട്ടങ്ങളിൽനിന്നും നേട്ടങ്ങളിലേക്ക് ചുവട് വെച്ചു കൊണ്ടിരിക്കുന്നു.

നമ്മുടെ ഹോസ്പിറ്റലിലെ റേഡിയോളജി ഡിപ്പാർട്ടുമെന്റിൽ അത്യാധുനിക ഉപകരണങ്ങളായ 128 slice CT, Digital radiography, Video fluroscopoy Ultrasound scan, MRI, Mammography, Mobile X-ray unit, OPG, Digital dental unit, C - Arm എന്നിവയുടെ സഹായത്തോടെ ലോകോത്തര നിലവാരത്തിലുള്ള എല്ലാവിധ സേവനങ്ങളും ലഭ്യമാണ്.

3. **ഡോ. എൻ. വി. ശ്രീവത്സ് ജൂബിലി ആയുർവ്വേദയിൽ സേവനം തുടങ്ങുന്നു**

പ്രശസ്ത ആയുർവ്വേദ വൈദ്യനും മർമ്മ ചികിത്സകനുമായ ഡോ. എൻ. വി. ശ്രീവത്സ് ജൂബിലി ആയുർവ്വേദ ആശുപത്രിയിൽ സേവനം തുടങ്ങുന്നു.

ന്യൂഡൽഹിയിലെ സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ആയുർവ്വേദ സയൻസ് രൂപീകരിച്ച മർമ്മചികിത്സയെക്കുറിച്ചുള്ള വിദഗ്ധ സമിതി അംഗവും, നാഷണൽ അക്കാദമി ഓഫ് ആയുർവ്വേദയിൽ പരീക്ഷകനുമായ ഡോ. ശ്രീവത്സ് ആയുർവ്വേദ ചികിത്സാരംഗത്ത്, പ്രത്യേകിച്ച് എല്ല്–സന്ധി രോഗ ചികിത്സയിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. സർജറി കൂടാതെ, IVDP, spondylosis എന്നിവ ചികിത്സിച്ച് ഭേദമാക്കുന്നതിൽ ഡോ. ശ്രീവത്സ് വിജയം കണ്ടെത്തിയിട്ടുണ്ട്. ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡിപ്പാർട്ടുമെന്റിൽ, സീനിയർ മർമ്മ സ്പെഷലിസ്റ്റ് ഓഫീസർ ആയിരുന്നു ഡോ. ശ്രീവത്സ്. രാജീവ് ഗാന്ധി ആയുർവ്വേദ കോളേജിൽ പ്രിൻസിപ്പൽ ആയി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

നാഷണൽ ലൈഫ് മിഷൻ, തൃശ്ശൂർ ജില്ലാ പ്രോഗ്രാം മാനേജർ ആയി സേവനം അനുഷ്ഠിക്കുമ്പോൾ തൃശ്ശൂർ ജില്ലയിലെ അന്യസംസ്ഥാന ജോലിക്കാരിൽ കോവിഡ് വ്യാപനം തടയുന്നതിനും, അപരാജിത ധൂപചൂർണത്തിന്റെ കോവിഡ് പ്രതിരോധശേഷിയെ കുറിച്ചുള്ള പഠ

നത്തിനും നേതൃത്വം നൽകി.

എല്ലാ മാസവും ഒന്നും മൂന്നും ശനിയാഴ്ച്ചകളിൽ രാവിലെ 10.30 മുതൽ വൈകീട്ട് 3.30 വരെ തൃശ്ശൂർ ജൂബിലിയിൽ ഡോ. ശ്രീവത്സന്റെ സേവനം ലഭ്യമാണ്. ബുക്കിങ്ങിനായി 0487–2461000 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

4. **ഡോ. അശ്വത്ത് കുമാർ - IAGE മാനേജിങ്ങ് കമ്മിറ്റി അംഗം**

പ്രൊഫ. ഡോ. അശ്വത്ത് കുമാറിനെ ഇന്ത്യൻ അസോസിയേഷൻ ഓഫ് ഗൈനക്ക് എന്റോസ്കോപിസ്റ്റ്സ് (IAGE)- ന്റെ 2020-22 വർഷത്തെ മാനേജിങ്ങ് കമ്മിറ്റി അംഗമായി തിരഞ്ഞെടുത്തു. ആദ്യമായാണ് ഒരു മലയാളി ഈ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്നത്. ഇദ്ദേഹം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഗൈനക്കോളജി വിഭാഗത്തിൽ പ്രൊഫസറും ലാപ്രോസ്കോപിക്ക് സർജനുമായി പ്രവർത്തിച്ചുവരുന്നു.

5. **അഭിനന്ദനങ്ങൾ .. ആശംസകൾ ..**

- നിയോനാറ്റോളജി വിഭാഗത്തിലെ അസോ. പ്രൊഫസർ ഡോ. വി. സി. മനോജ് റോയൽ കോളേജ് ഓഫ് പീഡിയാട്രിക്സ് ആന്റ് ചൈൽഡ് ഹെൽത്ത് (RCPCH), യു.കെ.–യിൽ നിന്നും FRCPCH നേടി.

6. **ഡയാലിസിസിന് സംഭാവന നൽകിയവർ**

- ശ്രീമതി കൊച്ചുത്രേസ്യ മാത്യു, ചേറൂർ, തൃശ്ശൂർ (14 ഡയാലിസിസ്)

7. **അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ശ്രീ ഫ്രാൻസിസ്, കല്ലേലി ഹൗസ്, ചെവ്വൂർ, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




## ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

1. **ജ്യോതിയും ഇൻഡ്‌വെന്ററും തമ്മിൽ ധാരണാപത്രം**

തൃശൂർ അതിരൂപതയും കീഴിലുള്ള ജ്യോതി എഞ്ചിനീയറിംഗ് കോളേജും ഇൻഡ്‌വെന്ററും (IndVentr) കൂടി ഗവേഷണവും

ഇന്നോവേഷന്റെ സാധ്യതകളും ഉപയോഗപ്പെടുത്തി വെന്റിലേററർ നിർമ്മാണത്തിൽ സംയുക്തമായി പ്രവർത്തിക്കാൻ ഇരുപക്ഷത്തേയും തലവന്മാർ ധാരണാപത്രത്തിൽ ഒപ്പുവെച്ചു. 2002 മുതൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസരംഗത്ത് അതുല്യസംഭാവനകൾ നൽകിവരികയാണ് ജ്യോതി. 2 മാസം മുമ്പാണ് ടാറ്റാ ടെക്നോളജീസുമായി 25മ്മ കോടി രൂപ മുതൽ മുടക്കുള്ള ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ഇൻക്യുബേഷൻ സെന്റർ നടത്തുന്നതിനുള്ള കരാർ ജ്യോതി ഒപ്പുവെച്ചത്. ആ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്നു.

എറണാകുളം കാക്കനാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സിനർജിയ മീഡിയ ലാബ്സും (Sinergia Media Labs), അയോണിക് 3ഉജ വെൻചേഴ്സ് (Ionic 3DP ventures) സിങ്കപ്പൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന ആരുവി (Aruvii) യും കൂടിയാണ് ഇൻഡ്വെന്റർ (IndVentr) എന്ന നോൺ പ്രോഫിറ്റ് കൺസോർസ്യം രൂപീകരിച്ചിരിക്കുന്നത്. കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ ചെലവുകുറഞ്ഞ വെന്റിലേറ്റർ നിർമ്മിക്കാനും ശ്വാസസംബന്ധമായ പ്രതിസന്ധികൾക്കു നിവാരണം കണ്ടെ ത്താനും വേണ്ടി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കയാണ് ഇതിന്റെ ലക്ഷ്യം. അത്യാവശ്യഘട്ടങ്ങളിൽ ഉപയോഗിക്കാവുന്ന IndVentr 100 മോഡലും കൂടുതൽ ഫീച്ചേഴ്സ് നൂതന സാങ്കേതികവിദ്യകളും ഉൾപ്പെടുത്തിയ IndVentr 200 മോഡലും ഇതിനകം വികസിപ്പി ച്ചെടുത്തു കഴിഞ്ഞു. ഇന്ത്യയിൽ നിന്നും സിങ്കപ്പൂരുനിന്നുമുള്ള ഉപദേശകസമിതിയാണ് സാങ്കേതികസഹായങ്ങൾ നൽകികൊണ്ടിരിക്കുന്നത്. അമേരിക്കയിലെ മസാച്ചുസെറ്റ്സ് ആസ്ഥാനമായി പ്രവർത്തിക്കുന്ന നോൺ പ്രോഫിറ്റ് സംഘടനയായ പ്രാണ (Prana) iSAVE എന്ന സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കു ന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. MIT യിലെ ഒരു ഗവേഷണ ഗ്രൂപ്പാണ് ഇതു വികസിപ്പിക്കാനും പരീക്ഷണങ്ങൾ നടത്തി വിജയം ഉറപ്പുവരുത്താനും മുന്നോട്ടു വന്നിട്ടുള്ളത്.

കോവിഡ് – 19 ന്റെ പശ്ചാത്തലത്തിൽ പുതിയതായി രൂപകല്പന ചെയ്യപ്പെട്ട വെന്റിലേറ്ററുകളെല്ലാം യൂണിവേഴ്സിറ്റികളിലാണ് വികസിപ്പിച്ചെടുത്തിട്ടുള്ളത്. ഇൻഡവെന്ററിന്റെ കാര്യത്തിൽ ഇത് പ്രധാനമായും ഒരു വ്യാവസായിക മുന്നേറ്റമാണ്. ജ്യോതിയിലെ ഇലക്ട്രിക്, ഇലക്ട്രോണിക്സ്, മെക്കട്രോണിക്സ്, മെക്കാനിക്കൽ, കമ്പ്യൂട്ടർ, സോഫ്റ്റ്വെയർ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഗവേഷണ പ്രതിഭകളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഉയരങ്ങളിലേക്ക്

വൻകുതിപ്പുകൾ നടത്തുകയാണ് ഈ ധാരണാപത്രം കൊണ്ട് ലക്ഷ്യമിടുന്നത്.

ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ക്യാമ്പസ് ഹെഡ് ഫാ. റോയ് ജോസഫ് വടക്കൽ, അക്കാദമിക് ഡയറക്ടർ റവ. ഡോ. ജോസ് കണ്ണമ്പുഴ, പ്രിൻസിപ്പൽ ഡോ. സണ്ണി ജോസഫ് എന്നിവരും ഇൻഡ്‌വെന്ററിന്റെ ഭാഗത്ത് നിന്നും സിനർജിയ സിഇഒ ഡെറിക് സെബാസ്റ്റ്യൻ, പ്രകാശ് ബാരെ, ടോം ആന്റണി, അനൂപ് മധുസൂദനൻ (ഗ്ലോബൽ വൈസ് പ്രസിഡണ്ട്, വെസ്റ്റ് ഫാർമ) എന്നിവരും സന്നിഹിതരായിരുന്നു.

2. **ഗൂഗിളിന്റെ നേതൃത്വത്തിൽ ഏകദിന പരിശീലനപരിപാടി:** ഗൂഗിൾ ഡവലപ്പെർ സ്റ്റുഡന്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി വെബ്സൈറ്റ് നിർമ്മാണത്തിൽ ഒരു ഏകദിനപരിശീലന പരിപാടി സംഘടിപ്പിച്ചു. ഗൂഗിളിന്റെ സാങ്കേതികവിദഗ്ദരും കോളേജിലെ വിദ്യാർത്ഥികളും ഒരുമിച്ചായിരുന്നു പരിപാടിക്ക് നേതൃത്വം കൊടുത്തത്. കേരളത്തിനകത്തും പുറത്തുമായി 500ൽപ്പരം വിദ്യാർത്ഥികൾ ഈ പരിശീലനപരിപാടിയിൽ പങ്കെടുത്തു.
3. **നിളയെ ശുദ്ധീകരിക്കാൻ ഫ്രണ്ട്സ് ഓഫ് ഭാരതപ്പുഴയും (FoB)ജ്യോതി എഞ്ചിനീയറിംഗ് കോളേജും ധാരണാപത്രം ഒപ്പുവച്ചു:** ഷൊർണൂർ മുൻസിപ്പാലിറ്റിയിലെ മാലിന്യപ്രശ്നത്തിൽ നഗരസഭയും റെയിൽവേയുമായി ചർച്ചകൾ നടത്തുന്നതിന് ആവശ്യമായ ഇടപെടലുകൾ കഴിഞ്ഞ കുറെ മാസങ്ങളായി ഡോ. ഇ ശ്രീധരൻ നടത്തിവരികയായിരുന്നു. ഷൊർണൂർ നഗരസഭ/ ചെറുതുരുത്തി പഞ്ചായത്ത് പ്രദേശങ്ങളിലെ പുഴയിലെ മാലിന്യം, വെള്ളത്തിന്റെ അവസ്ഥ എന്നിവ പഠിക്കുന്നതിനും, ശാസ്ത്രീയമായ പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും ആവശ്യമായ സാങ്കേതിക സഹായം, പഠനം എന്നീ മേഖലകളിലാണ് ആദ്യം പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത്. 2016, 2018 വർഷങ്ങളിൽ വന്ന നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന്റെ വിധിപ്രകാരം പട്ടാമ്പി കഴിഞ്ഞാൽ ഭാരതപ്പുഴ മലിനമായ മറ്റൊരുപ്രദേശം ചെറു തുരുത്തി–ഷൊർണൂർ പ്രദേശമാണ്. ഇതിനൊരു പരിഹാരമാർഗ്ഗം എന്ന നിലയ്ക്കാണ് എഫ്ഒബി നഗരസഭയുമായും റെയിൽവേയുമായും ചർച്ചകൾ ആരംഭിച്ചത്.

പ്രശ്നപരിഹാരത്തിനുവേണ്ടി, ഇപ്പോഴുള്ള മാലിന്യ ഉറവിടം, മാലിന്യത്തിന്റെ തോത്, മാലിന്യത്തിന്റെ തരംതിരിവ് എന്നിവ

പഠനവിഷയമാക്കുമെന്ന് എീആ ജനറൽ സെക്രട്ടറി വിനോദ് നമ്പ്യാർ, ജ്യോതി എഞ്ചിനീയറിംഗ് കോളേജ് കാമ്പസ് ഹെഡ് ഫാ. റോയ് വടക്കൻ എന്നിവർ സംയുക്തമായി അറിയിച്ചു. ആവശ്യമായ ഇടപെടൽ ഉണ്ടാകുമെന്ന് പാലക്കാട് ഡിവിഷണൽ ഓഫീസിൽ നിന്ന് മറുപടി ലഭിച്ചതിനെത്തുടർന്ന്, സമഗ്രമായ ഒരു പഠനം നടത്തി ഒരു സ്ഥിരസംവിധാനം വിഭാവനം ചെയ്യാനാണ് എീആ പ്രവർത്തകർ ഉദ്ദേശിക്കുന്നത്.രണ്ടുവർഷത്തേക്കാണ് ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളത്. എീആ ജനറൽ സെക്രട്ടറി വിനോദ് നമ്പ്യാർ, ജ്യോതി എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ. സണ്ണി ജോസഫ് കലയത്താങ്കൽ, സിവിൽ വിഭാഗം മേധാവി വിൻസി വർഗ്ഗീസ് എന്നിവർ ധാരണാപത്രത്തിൽ ഒപ്പുവച്ചു. ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ലഭ്യമായ വെള്ളം പരിശോധിക്കുന്ന സംവിധാനം ഉപയോഗിക്കാനും, കുട്ടികൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ സർവ്വെ, പഠനക്ലാസ്സുകൾ എന്നിവയും വിഭാവനം ചെയ്യുന്നു. അക്കാദമിക് ഡയറക്ടർ ഫാ. ജോസ് കണ്ണമ്പുഴ, പ്രൊഫ. സിറിയക് എം.ജി. എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

**ഫാ. റോയ് വടക്കൻ** — സെക്രട്ടറി

**മോൺ. തോമസ് കാക്കശ്ശേരി** — ചെയർമാൻ




## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

1. **വെബിനാർ**

   മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ മോൺ. ഡോ. തോമസ് മൂത്തേടൻ അനുസ്മരണ പ്രഭാഷണ പരമ്പരയിൽ രണ്ടും, മൂന്നും, നാലും പ്രഭാഷണങ്ങൾ പ്രമുഖ മാത്തമാറ്റീഷ്യൻമാരായ ശ്രീ വിഷ്ണു ദാസ് വി, ഡോ. ഡിഡിമോസ് കെ.വി, ശ്രീ മധു ബി. എന്നിവർ യഥാക്രമം നിർവ്വഹിച്ചു.

* ഡിപ്പാർട്ട്മെന്റ് ഓഫ് മീഡിയ സ്റ്റഡീസ് സെന്റ് തോമാസ് കോളേജും, സെന്റ് ബെർക്കുമൻസ് കോളേജിലെ ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റു

മായി ചേർന്ന് ഇന്റർനാഷണൽ വെബിനാർ സംഘടിപ്പിച്ചു. പ്രൊഫ. ഡേവിസ് സിന്റർ, ശ്രീ. ആർനി നീമി (സിഡ്നി), ശ്രീ. നിച്ചാർഡ് ഷീച്ച്നർ, പ്രൊഫ. ക്ലൗഡിയ ഓറൽസ്റ്റിൻ (ന്യൂയോർക്ക്), ശ്രീമതി ലീല അലനിസ് (സിംഗപൂർ), ശ്രീ. യോഷി ഒയിഡ, ശ്രീ. അഭിലാഷ് പിള്ള എന്നിവർ 6 ദിവസമായി നടന്ന വെബിനാറിന് നേതൃത്വം നൽകി.

* ഐ.ക്യു.എ.സി. സെല്ലിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായ് 'കുടുംബത്തിലും സമൂഹത്തിലും ഉള്ള സമാധാനവും ഐക്യവും' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. റവ. ഫാ ജോസഫ് പുത്തൻപുരയ്ക്കൽ ഒ.എഫ്.എം വെബിനാർ നയിച്ചു.

**2. സിനിമാറ്റോഗ്രാഫി**

* ഡിപ്പാർട്ട്മെന്റ് ഓഫ് മീഡിയസ്റ്റഡിയുടെ ആഭിമുഖ്യത്തിൽ 'ബേസിക്സ് ഇൻ സിനിമാറ്റോഗ്രാഫി' എന്ന വിഷയത്തിൽ ഒരു കോഴ്സ് ഓൺലൈനായി നടത്തി.

**3. പി.എച്ച്.ഡി നേടി**

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ ശ്രീമതി അനുപോൾ പി.എച്ച്.ഡി നേടി. ഡോ. ഡേവിസ് സി.ജെ യുടെ ഗവേഷണ നേതൃത്വത്തിൽ സെന്റ് തോമാസ് കോളേജിലാണ് ഗവേഷണം നടത്തിയത്.

* ഫിസിക്സ് ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപിക ജിൽമി പി. ജോയ് പി.എച്ച്.ഡി നേടി. ചെന്നൈ മാത്തമാറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നാണ് പി.എച്ച്.ഡി ബിരുദം നേടിയത്.

**4. ഗ്ലോബൽ പൂർവ്വ വിദ്യാർത്ഥി സംഗമം**

ലോകത്തിലെ വിവിധ രാജ്യങ്ങളിൽ വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന പൂർവ്വവിദ്യാർത്ഥികളെ ഒരുമിച്ചു കൂട്ടി പൂർവ്വ വിദ്യാർത്ഥി സംഘടന ഒരു ഇന്റർനാഷണൽ വെബിനാർ സംഘടിപ്പിച്ചു. വിവിധ തലങ്ങളിലെ 30–ൽ പരം പൂർവ്വ വിദ്യാർത്ഥികൾ സംഗമത്തിൽ സംസാരിച്ചു. റിട്ടയർ ചെയ്ത പൂർവ്വ അദ്ധ്യാപകർ, പ്രിൻസിപ്പാൾമാർ എന്നിവർ ആശംസകൾ നേർന്നു. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത്, മാർ ജേക്കബ്ബ് തൂങ്കുഴി, മാർ റാഫേൽ തട്ടിൽ, മാർ ടോണി നീലങ്കാവിൽ, വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ്ചാൻസലർ ഡോ. എം.കെ. ജയരാജ്, എക്സിക്യൂട്ടീവ് മാനേജർ റവ.ഫാ. വർഗ്ഗീസ് കുത്തൂർ, പ്രസിഡന്റ് ശ്രീ. പി.എം. തോമസ്, സെക്രട്ടറി ശ്രീ. സി.എ. ഫ്രാൻസിസ് മാസ്റ്റർ, ഡോ. വിജു എം. ജെ എന്നിവർ സംഗമത്തിൽ സംസാരിച്ചു.

**5. എം.ഒ.യു**

വിഷ്വൽ മീഡിയ ഡിപ്പാർട്ട്മെന്റും, ഓറഞ്ച് ഫൗണ്ടേഷനും 'ഫിലിം സ്റ്റഡീസ്' എന്ന കോഴ്സ് തുടങ്ങുന്നതിന് ധാരണ പത്രം ഒപ്പു വച്ചു.

**6. ഗാന്ധിസന്ദർശന ഓർമ്മ ആചരിച്ചു**

സെന്റ് തോമാസ് കോളേജിൽ മഹാത്മാഗാന്ധി സന്ദർശനം നടത്തിയതിന്റെ ഓർമ്മ കോളേജിലെ ഗാന്ധിസ്മൃതിയിൽ പുഷ്പാർച്ചന നടത്തി ആഘോഷിച്ചു.

**7. നേട്ടം**

ലോകത്തിലെ കാൻസർ ചികിത്സാ ഗവേഷണത്തിൽ മുന്നിട്ടു നിൽക്കുന്ന ശാസ്ത്രജ്ഞരുടെ പട്ടികയിൽ അമേരിക്ക സ്റ്റാൻഫോഡ് യൂണിവേഴ്സിറ്റി അദ്ധ്യാപകരായ നമ്മുടെ കോളേജിലെ രണ്ട് പൂർവ്വവിദ്യാർത്ഥികൾ ഇടം പിടിച്ചു. (1) ഡോ. എ. ജയകൃഷ്ണൻ (കെമിസ്ട്രി), (2) ഡോ. അജയ് കുന്നുമകര (ബോട്ടണി).

* മാർതോമ കോളേജ് തിരുവല്ലയുടെ നേതൃത്വത്തിൽ നടത്തിയ 'റിസർച്ച് ആന്റ് പബ്ലിക്കേഷൻ എത്തിക്ക്സ്' വിഷയത്തെ അടിസ്ഥാനപ്പെടുത്തി നടത്തിയ വെബിനാറിൽ റിസോഴ്സ് പേഴ്സനായി ലൈബ്രേറിയൻ ശ്രീ. സാൻജൊ ജോസ് വിഷയം അവതരിപ്പിച്ചു.

**8. പ്ലെയ്സ്മെന്റ്**

ഡെലോയിറ്റി എന്ന അക്കൗണ്ടിങ്ങ് സർവ്വീസ് നെറ്റ് വർക്കിലേക്ക് 4 വിദ്യാർത്ഥികൾക്ക് പ്ലെയ്സ്മെന്റ് സെല്ലിന്റെ സഹായത്തോടു കൂടി ജോലി കിട്ടി. അജ്മൽ എം.എസ്, അഭിഷേക് പി, (കംപ്യൂട്ടർ ആപ്ലിക്കേഷൻ) അഖിൽ ആന്റോ (കമ്പ്യൂട്ടർ സയൻസ്), കീർത്തി പരമേശ്വരൻ (മാത്തമാറ്റിക്സ്).

ഡിഗ്രി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി പ്ലെയ്സ്മെന്റ് സെല്ലിന്റെ സഹായത്തോടെ കാമ്പസ് റിക്രൂട്ട്മെന്റ് ഡ്രൈവ് സംഘടിപ്പിച്ചു.

**9. മലയാള ഭാഷ വാരാഘോഷം**

മലയാള ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ മലയാളഭാഷ വാരാഘോഷത്തോടനുബന്ധിച്ച് ഓൺലൈൻ കവിയരങ്ങ് സംഘടിപ്പിച്ചു. 'സാഹിത്യം എങ്ങനെ വായിക്കും' എന്നതിനെക്കുറിച്ച് മഹാരാജാസ് കോളേജിലെ പ്രശസ്ത കവി ശ്രീ. എസ്. ജോസഫും, കവിയരങ്ങിൽ എസ്. കണ്ണൻ, ഡി. അനിൽകുമാർ, ആർ. സംഗീത, ശ്യാം സുധാകർ എന്ന പ്രശസ്ത കവികളും പങ്കെടുത്തു.

**10. പൂർവ്വ വിദ്യാർത്ഥി വെബിനാർ**

കോളേജ് വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കുമായി പൂർവ്വവിദ്യാർത്ഥി സംഘടനയുടെ ആഭിമുഖ്യത്തിൽ ഐ.ക്യു.എ.സി. യുമായി സഹകരിച്ച് വെബിനാർ സംഘടിപ്പിച്ചു. പൂർവ്വവിദ്യാർത്ഥിയായ ശ്രീ. സി.കെ. സുരേഷ് ക്ലാസ്സു നയിച്ചു.

**11. ഇന്നവേഷൻ സെല്ലിന് നക്ഷത്ര തിളക്കം**

കോളേജിലെ ഇന്നവേഷൻ സെല്ലിന്റെ മികച്ച പ്രവർത്തനങ്ങളെ വിലയിരുത്തി എം. എച്ച്.ആർ.ഡി 4.5 സ്റ്റാർസ് അവാർഡ് ചെയ്തു. ഈ മികച്ച വിജയം കേരളത്തിലെ അപൂർവ്വം ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾക്ക് മാത്രമാണ് ലഭിച്ചത്.

**പി.വി. ആന്റോ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ & എക്സിക്യൂട്ടീവ് മാനേജർ




# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**1. ഓസോൺ ദിനം ക്വിസ് സംഘടിപ്പിച്ചു**

മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ രണ്ടാം വർഷ ബി.എഡ് വിദ്യാർത്ഥികൾ ഓസോൺ ദിനത്തോടനുബന്ധിച്ച് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിച്ചു. ഫിസിക്കൽ സയൻസ് വിഭാഗം അധ്യാപിക ശ്രീമതി. സരിത യു.ബിയുടെ നേതൃത്വത്തിലായിരുന്നു ക്വിസ് സംഘടിപ്പിച്ചത്.

**2. സിനർജി വെബ് സീരീസിന് തുടക്കം കുറിച്ചു**

മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ 2020 സെപ്റ്റംബർ 28ന് സിനർജി വെബ് സീരീസിന് തുടക്കം കുറിച്ചുകൊണ്ട് എനിയാഗ്രം എന്ന വിഷയത്തെ സംബന്ധിച്ച് വെബിനാർ സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ വെബിനാർ സീരീസ്

ഉദ്ഘാടനം ചെയ്ത് പ്രസ്തുത വിഷയത്തെക്കുറിച്ച് ക്ലാസ് എടുത്തു.

3. **യാത്രയയപ്പ് നൽകി**

മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ സോഷ്യൽ സയൻസ് വിഭാഗം അധ്യാപിക ശ്രീമതി.ദീപ.എം.ജെ, നാച്ചുറൽ സയൻസ് വിഭാഗം അധ്യാപിക ശ്രീമതി.ആശ.എ.എ, സൈക്കോളജി വിഭാഗം അധ്യാപിക ശ്രീമതി. ജോഷ്ണി ജോണി എന്നീ അധ്യാപകർക്ക് 2020 സെപ്റ്റംബർ 28ന് യാത്രയയപ്പ് നൽകി.

4. **കെ.ടെറ്റ് മാതൃക പരീക്ഷ സംഘടിപ്പിച്ചു**

അധ്യാപക യോഗ്യത പരീക്ഷയായ കെ.ടെറ്റ് പരീക്ഷയ്ക്ക് മുന്നോടിയായി മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ മാതൃക കെ.ടെറ്റ് പരീക്ഷ 2020 സെപ്റ്റംബർ29ന് ഓൺലൈനായി സംഘടിപ്പിച്ചു.

5. **ഗാന്ധിജയന്തി ആഘോഷിച്ചു**

മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ 2020 ഒക്ടോബർ 2ന് വിവിധ പരിപാടികളോടുകൂടെ ഗാന്ധിജയന്തി ആഘോഷിച്ചു. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചോക്കോ ചിറമ്മൽ അധ്യക്ഷത വഹിച്ചു. ഗാന്ധിജിയുടെ ജീവിതത്തെ ആസ്പദമാക്കി ഓൺലൈൻ ക്വിസും, വീഡിയോ അവതരണവും സംഘടിപ്പിച്ചു.

6. **യാത്രയയപ്പ് നൽകി**

മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ അധ്യാപികയായിരുന്ന ശ്രീമതി.രാധിക.ടി.ആർ ന് 2020 ഒക്ടോബർ 2ന് അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് യാത്രയയപ്പ് നൽകി.

7. **ഹൃദ്യമായ സ്വീകരണം നൽകി**

മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ പുതുതായി ചാർജെടുത്ത അധ്യാപകരായ ശ്രീമതി . സബിത.യു.ബി (ഇംഗ്ലീഷ്), ശ്രീമതി.ശ്രീമോൾ.പി.ദേവി (സോഷ്യൽ സയൻസ്), ശ്രീമതി. വിപിത മോഹൻ (നാച്ചുറൽ സയൻസ്), ഡോ.നിഖിത രാജു (സൈക്കോളജി) എന്നിവർക്ക് 2020 ഒക്ടോബർ 2ന് മഹാജൂബിലി കുടുംബം ഹൃദ്യമായ സ്വാഗതം നേർന്നു.

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പാൾ

# സാന്ത്വനം

1. **കോവിഡ് 19 – മൃതസംസ്കാരത്തിന് സാന്ത്വനം വളണ്ടിയേഴ്സ്**

തൃശൂർ അതിരൂപതയുടെ സാമൂഹിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സാന്ത്വനം സോഷ്യൽ അപ്പോസ്തോലേറ്റ് സെന്ററിന്റെ നേതൃത്വത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും മൃത സംസ്കാരത്തിനുമായി വളണ്ടിയർ സർവീസ് ആരംഭിച്ചു.

വൈദികരെയും സന്നദ്ധപ്രവർത്തകരായ യുവാക്കളെയും ചേർത്ത് സജ്ജീകരിച്ചിരിക്കുന്ന ഈ ടീം കോവിഡ് പ്രോട്ടോകോൾ പ്രകാരം കോവിഡ് മൃതസംസ്കാരത്തിന് സജീവമായി രംഗത്തുണ്ടാകും. മൃതസംസ്കാരവുമായി ബന്ധപ്പെട്ട ആശയകുഴപ്പങ്ങളും തെറ്റിദ്ധാരണകളും ഒഴിവാക്കുന്നതിനാണ് സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കന്റെ നേതൃത്വത്തിൽ വളണ്ടിയേഴ്സിനെ സജ്ജമാക്കിയിരിക്കുന്നത്. ഇവർക്ക് കോവിഡുമായി ബന്ധപ്പെട്ട സർക്കാർ ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിലുള്ള പരിശീലനവും നൽകുന്നു.

നമ്മുടെ നാട്ടിൽ കോവിഡ് 19 ന്റെ സമൂഹവ്യാപനം ദ്രുതഗതിയിൽ മുമ്പോട്ടുപോകുന്നതിനാൽ കൂടുതൽ പേരെ ഈ രംഗത്ത് പരിശീലിപ്പിക്കാനാണ് സാന്ത്വനം പദ്ധതിയിട്ടിട്ടുള്ളത്. കില ഇൻസ്റ്റിറ്റ്യൂട്ടിൽ സജ്ജീകരിച്ചിട്ടുള്ള പരിശീലനത്തിൽ 2 ബാച്ചുകളിലായി 44 പേരെ സാന്ത്വനം ഇതിനകം പരിശീലിപ്പിച്ചു കഴിഞ്ഞു. സാന്ത്വനം അസ്സോസിയേറ്റ് ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി, അസി.ഡയറക്ടർ ഫാ.സിന്റോ തൊറയൻ എന്നിവരടങ്ങിയ ബാച്ചുകളിൽ മൊത്തം 16 വൈദികരും സാന്ത്വനം ടാസ്ക് ഫോഴ്സ് വളണ്ടിയേഴ്സും പങ്കെടുത്തു.

2. **കൊവീഡ് 19 മൃതദേഹ സംസ്കാരം**

അതിരൂപതയിലെ ആദ്യ കൊവീഡ് 19 മൃതദേഹ സംസ്കാരം കൊവീഡ്19 പ്രോട്ടോക്കോൾ അനുസരിച്ച് അരിമ്പൂർ ഇടവകയിൽ, സാന്ത്വനം

ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ നടന്നു. സാന്ത്വനം അസി.ഡയറകടർ ഫാ.സിന്റോ തൊറയൻ കാർമ്മികത്വം വഹിച്ചു. സാന്ത്വനം ടാസ്ക് ഫോഴ്സ് വളണ്ടിയേഴ്സ് നെൽസൺ തോമസ്, സാജൻ ജോയ്, സാജൻ ജോസ്, ഡാനിയേൽ ജോസഫ് എന്നിവർ നേതൃത്വം നൽകി.

3. **ഹരിതസാന്ത്വനം ജൈവപച്ചക്കറി വിപണി**

കർഷകന് ന്യായമായ വില ലഭിക്കുക, ഉപഭോക്താക്കൾക്ക് വിഷരഹിത പച്ചക്കറി ലഭിക്കുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച ഹരിതസാന്ത്വനം ജൈവപച്ചക്കറി വിപണി ജനങ്ങളുടെ ആവശ്യം പരിഗണിച്ച് ഞായർ ഒഴികെ എല്ലാ ദിവസവും തുറന്നു പ്രവർത്തിച്ചുവരുന്നു.

4. **സേവ് എ ഫാമിലി**

സേവ് എ ഫാമിലിയുടെ ഫാമിലി ഡെവലപ്മെന്റ് പ്രോഗ്രാമിലേക്ക് ഈ വർഷം 80 പുതിയ ഗുണഭോക്തൃ കുടുംബങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള അനുമതി ലഭിച്ചു. കുടുംബങ്ങളെ തിരഞ്ഞെടുക്കുന്നതിനായി സേവ് എ ഫാമിലിയുടെ മാനദണ്ഡങ്ങൾനുസരിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി. സെപ്തംബർ മുതൽ ഡിസംബർ വരെ ഓരോ മാസവും 20 വീടുകളാണ് തിരഞ്ഞെടുക്കുക.

5. **പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കി.**

സേവ് എ ഫാമിലിയുടെ ഫാമിലി ഡെവലപ്മെന്റ് പ്രോഗ്രാമിലെ കാലാവധി പൂർത്തീകരിച്ച 25 കുടുംബങ്ങളുടെ പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കി. ഗുണഭോക്തൃ കുടംബങ്ങളുടെ അടിസ്ഥാന പുരോഗതി, ഭവനനിർമ്മാണം, വൈദ്യുതീകരണം, മക്കളുടെ വിദ്യഭ്യാസപുരോഗതി, സ്വയം തൊഴിൽ നേടൽ എന്നീ വിവരങ്ങളെ അടിസ്ഥാനമാക്കിയാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. പോൾ മാളിയമ്മാവ്**
അസി. ഡയറക്ടർ

**ഫാ. സിന്റൊ തൊറയൻ**
അസി. ഡയറക്ടർ

FAMILY APOSTOLATE CENTRE, THRISSUR



# ഫാമിലി അപ്പോസ്റ്റലേറ്റ്

**ഫാമിലി ക്വിസ് മത്സര വിജയികൾ**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പായുടെ “സ്നേഹത്തിന്റെ സന്തോഷം” എന്ന അപ്പസ്തോലിക പ്രബോധനത്തെ ആസ്പദമാക്കി നടത്തിയ ഫാമിലി ക്വിസിന്റെ വിജയികൾ.

ഒന്നാം സമ്മാനം – ജെൻസൻ വാഴപ്പിള്ളി – കോളങ്ങാട്ടുകര ഇടവക
വർഗ്ഗീസ് തലക്കോടൻ – മുക്കാട്ടുകര ഇടവക
രണ്ടാം സമ്മാനം – ടെസ്സി ജോയ് – പുല്ലംകണ്ടം ഇടവക
മൂന്നാം സമ്മാനം – സണ്ണി ചിങ്ങത്ത് – ആമ്പക്കാട് ഇടവക

പ്രോത്സാഹന സമ്മാനങ്ങൾ

1. എലിസബത്ത് ഡേവീസ് – കണ്ണംകുളങ്ങര ഇടവക
2. ജീനാ ഡേവീസ് – സ്നേഹപുരം ഇടവക
3. ദീപ ടോണി – പനമുക്ക് ഇടവക
4. ഫിലോമിന ജോസഫ് – അമലനഗർ ഇടവക
5. സാംസൺ ആന്റണി – നെഹ്റുനഗർ ഇടവക
6. ഗ്ലാഡ്സൺ ആന്റോ – ഒളരിക്കര ഇടവക
7. മെയ്മോൾ ബാബു – നിർമ്മലപുരം ഇടവക
8. തോമസ് ഇ. എ – മരിയാപുരം ഇടവക
9. ആന്റു മുളക്കൽ – മറ്റം ഇടവക
10. തോമസ് തെക്കൻ – കോലഴി ഇടവക
11. ജിറ്റൊ ചിറ്റിലപ്പിള്ളി – മുണ്ടൂർ ഇടവക

പങ്കെടുത്തവർക്കും വിജയികൾക്കും ഒത്തിരി നന്ദി. സമ്മാന വിതരണ ദിവസം പിന്നീട് നിങ്ങളെ അറിയിക്കുന്നതായിരിക്കും.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ**
അസി.ഡയറക്ടർ

**ഫാ. ജിന്റോ ചൂണ്ടൽ**
അസി.ഡയറക്ടർ



# മാതൃവേദി

**മാതൃവേദി അംഗങ്ങൾക്കായുള്ള കരോൾഗാന മത്സരം**

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദി അംഗങ്ങൾക്കായുള്ള കരോൾഗാന മത്സരം ഓൺലൈൻ വഴി അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന യൂണിറ്റുകാർ താഴെയുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്.

**നിബന്ധനകൾ**

1. ഒരു യൂണിറ്റിൽ നിന്ന് ഒരു ഗ്രൂപ്പിനേ പങ്കെടുക്കാൻ പറ്റുകയുള്ളൂ.
2. കരോൾഗാന മത്സരത്തിന്റെ ദൈർഘ്യം 4 മിനിറ്റിൽ കൂടാൻ പാടുള്ളതല്ല.
3. മത്സരം മാതൃവേദി അംഗങ്ങൾക്ക് മാത്രമായിരിക്കും.
4. വീഡിയോയിൽ മുഖം മാസ്ക് വെച്ച് മറയ്ക്കാൻ പാടുള്ളതല്ല.
5. സോങ് എഫക്റ്റ്, കരോക്കെ, സംഗീത ഉപകരണങ്ങൾ എന്നിവയോ മ്യൂസിക് ആപ്പുകളോ ഉപയോഗിക്കാൻ  പാടുള്ളതല്ല.
6. ഒരു ടീമിൽ 5 മുതൽ 7 വരെ അംഗങ്ങൾക്ക് പങ്കെടുക്കാവുന്നതാണ്.
7. മത്സരത്തിനുള്ള വീഡിയോ അയച്ചുതരേണ്ട ഫോൺ നമ്പർ - 9207119554.
8. കരോൾഗാനത്തോടൊപ്പം ഇടവകയുടെ പേര്, സ്ഥലം, വാട്സ് ആപ്പ് നമ്പർ എന്നിവ നിർബന്ധമായും നൽകേണ്ടതാണ്.
9. അയക്കുന്ന വീഡിയോയിൽ ഏതെങ്കിലും തരത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ ആ യൂണിറ്റിനെ ഒഴിവാക്കുന്നതായിരിക്കും.

10. കരോൾഗാന മത്സരം അയച്ചുതരേണ്ടത് 2020 ഡിസംബർ 17, 18 എന്നീ തിയ്യതികളിലാണ്. 18–ാം തിയ്യതി വൈകീട്ട് 9മണിക്ക് മുമ്പായി അയച്ചുതരേണ്ടതാണ്.

11. വിജയികളെ 2020 ജനുവരി 10 ന് പ്രഖ്യാപിക്കുന്നതായിരിക്കും.

12. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

**ഫാ. ജിന്റോ ചൂണ്ടൽ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി ജൂലി ബാബു**
സെക്രട്ടറി

**ശ്രീമതി മേരി വിൻസെന്റ്**
പ്രസിഡണ്ട്




**ബൈബിൾ പാരായണ മത്സര വിജയികൾ**

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തിയ ബൈബിൾ പാരായണ മത്സരത്തിന്റെ വിജയികൾ

**ഒന്നാം സമ്മാനം** – ടെസ്സി ജോർജ്ജ് – എറവ് ഇടവക
**രണ്ടാം സമ്മാനം** – റാഫി കൊമ്പൻ – പഴുവിൽ ഇടവക
**മൂന്നാം സമ്മാനം** – ആഷ സ്റ്റാൻലി – പുത്തൻപീടിക ഇടവക

**പ്രോത്സാഹന സമ്മാനങ്ങൾ**

1. ജോൺ തേറാട്ടിൽ – വിയ്യൂർ ഇടവക
2. സിന്റാ നിക്സൻ – എരുമപ്പെട്ടി ഇടവക
3. ഡീന ജോഷി – മുണ്ടൂർ ഇടവക
4. സണ്ണി ചിങ്ങത്ത് – ആമ്പക്കാട് ഇടവക
5. സ്റ്റെഫി വർഗ്ഗീസ് – പുല്ലഴി ഇടവക
6. ക്രിസ്റ്റോ മഞ്ഞില – മുളയം ഇടവക
7. ജെയ്ക്കബ് ചിറയത്ത് – നെല്ലിക്കുന്ന് ഇടവക

8. മേരി വിൽസൺ – ഇയ്യാൽ ഇടവക
9. ആനി പോൾ – വെണ്ടോർ ഇടവക
10. റോഷിണി സെബാസ്റ്റ്യൻ – ചേരുംകുഴി ഇടവക

പങ്കെടുത്തവർക്കും വിജയികൾക്കും നന്ദിയും അഭിനന്ദനങ്ങളും. സമ്മാന വിതരണ ദിവസം പിന്നീട് നിങ്ങളെ അറിയിക്കുന്നതായിരിക്കും.

**കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായുള്ള കരോൾഗാന മത്സരം**

കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായുള്ള കരോൾഗാന മത്സരം ഓൺലൈൻ വഴി അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ഇടവകക്കാർ താഴെ യുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്.

**നിബന്ധനകൾ**

1. ഒരു ഇടവകയിൽ നിന്ന് ഒരു ഗ്രൂപ്പിനേ പങ്കെടുക്കാൻ പറ്റുകയുള്ളൂ.
2. കരോൾഗാന മത്സരത്തിന്റെ ദൈർഘ്യം 4 മിനിറ്റിൽ കൂടാൻ പാടു ള്ളതല്ല.
3. മത്സരം കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് മാത്രമായിരിക്കും.
4. വീഡിയോയിൽ മുഖം മാസ്ക് വെച്ച് മറയ്ക്കാൻ പാടുള്ളതല്ല.
5. സോങ് എഫക്റ്റ്, കരോക്കെ, സംഗീത ഉപകരണങ്ങൾ എന്നിവയോ മ്യൂസിക് ആപ്പുകളോ ഉപയോഗിക്കാൻ പാടുള്ളതല്ല.
6. ഒരു ടീമിൽ 5 മുതൽ 7 വരെ അംഗങ്ങൾക്ക് പങ്കെടുക്കാവുന്നതാണ്.
7. മത്സരത്തിനുള്ള വീഡിയോ അയച്ചുതരേണ്ട ഫോൺ നമ്പർ – 9207119554.
8. കരോൾഗാനത്തോടൊപ്പം ഇടവകയുടെ പേര്, സ്ഥലം, വാട്സ് ആപ്പ് നമ്പർ എന്നിവ നിർബന്ധമായും നൽകേണ്ടതാണ്.
9. അയക്കുന്ന വീഡിയോയിൽ ഏതെങ്കിലും തരത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ ആ യൂണിറ്റിനെ ഒഴിവാക്കുന്നതായിരിക്കും.
10. കരോൾഗാന മത്സരം അയച്ചുതരേണ്ടത് 2020 ഡിസംബർ 22, 23 എന്നീ തിയ്യതികളിലാണ്. 23–ാം തിയ്യതി വൈകീട്ട് 9 മണിക്ക് മുമ്പായി അയച്ചുതരേണ്ടതാണ്.
11. വിജയികളെ 2020 ജനുവരി 15 ന് പ്രഖ്യാപിക്കുന്നതായിരിക്കും.
12. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

# അതിരൂപത
# ഫെസിലിറ്റേഷൻ സെന്റർ (AFC)

**ഉദ്ഘാടനവും പിരിശീലന കളരിയും**

അതിരൂപത തലത്തിൽ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് 08.11.2020 ന് നിർവ്വഹിച്ചു. അതിരൂപതയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 20 ഇടവകകളിൽ നിന്ന് 20 അംഗങ്ങൾ പങ്കെടുത്ത സമ്മേളനം ശ്രീമതി മേഴ്സി ജേക്കബിന്റെ പ്രാർത്ഥനയോടെ ആരംഭിച്ചു. AFC ഡയറക്ടർ റവ.ഫാ. ഡെന്നി താണിക്കൽ സ്വാഗതം ആശംസിച്ചു. ആമുഖ പ്രഭാഷണം തൃശ്ശൂർ അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി Dr. മേരി റെജീന നിർവ്വഹിച്ചു. തുടർന്ന് AFC കൺവീനർ ശ്രീ. ജോമി ജോൺസൻ, അതിരൂപതയിലേയും ഇടവകകളിലേയും ഫെസിലിറ്റേഷൻ സെന്ററിന്റെ ഘടനയേയും നടത്തിപ്പിനേയും സംബന്ധിച്ചുള്ള അവതരണം നടത്തി. ശ്രീ. എൻ.കെ. മാത്യു, ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ എന്നിവർ ഗവൺമെന്റിന്റെ വിവിധ പദ്ധതികൾ (11 എണ്ണം) അവയുടെ അപേക്ഷാ ഫോമുകൾ എന്നിവ പരിചയപ്പെടുത്തി. തുടർന്ന് പൊതു ചർച്ചയായിരുന്നു. പദ്ധതികളെക്കുറിച്ചും അപേക്ഷകളെക്കുറിച്ചുമുള്ള ചോദ്യങ്ങൾക്ക് ശ്രീ. മാത്യു, ശ്രീ ജെയിംസ് എന്നിവർ മറുപടി നൽകുകയും സംശയ ദുരീകരണം നടത്തുകയും ചെയ്തു. www.afctcr.com എന്ന AFC website പരിചയപ്പെടുത്തി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തുകയും തിരികൾ കത്തിച്ച് ആശീർവാദം നൽകുകയും ചെയ്തു. കമ്മിറ്റി അംഗമായ ശ്രീ. റോണി അഗസ്റ്റിൻ നന്ദി പറഞ്ഞു.

| | |
|---|---|
| **ശ്രീ ജോമി ജോൺസൻ** | **ഫാ.ഡെന്നി താണിക്കൽ** |
| കൺവീനർ | ഡയറക്ടർ |




1. **പോസ്റ്റർ പ്രചരണം – നീതിക്കായ്**
   കർഷകക്ഷേമ നടപടികൾ നടപ്പിൽ വരുത്തുക, എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുക, ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അതിരൂപത തലത്തിൽ പോസ്റ്റർ പ്രചരണം നടത്തുകയും ഭരണാധികാരികളുടെ ശ്രദ്ധ ക്ഷണിക്കുകയും ചെയ്തു.
2. **തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ്**
   തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ പരമാവധി സമ്മതിദാന അവകാശം പ്രയോജനപ്പെടുത്തി, സമൂഹനന്മക്ക് വേണ്ടി പ്രവർത്തിക്കണമെന്ന് ബോധവൽക്കരണം നടത്തി അതിരൂപത സമിതി നേതൃത്വം നൽകി.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**എൻ. പി. ജാക്സൻ മാസ്റ്റർ**
ജനറൽ സെക്രട്ടറി

**അഡ്വ. ബിജു കുണ്ടുകുളം**
പ്രസിഡന്റ്




## സി.എൽ.സി.

1. **സല്യൂട്ട് മേരി ഓൺലൈൻ റോസറി**
   തൃശ്ശൂർ അതിരൂപത സി എൽ സിയുടെ നേതൃത്വത്തിൽ, ഈ കാലഘട്ടത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് , ജപമാല ഭക്തി

യുടെ പ്രസക്തി വിളിച്ചോതി, ഈ ജപമാല മാസത്തിൽ വിവിധ ഫൊറോനകളിൽ ഓൺലൈൻ വഴിയായി നടന്നു വന്നിരുന്ന ജപ മാലയുടെ സമാപനം, സല്യൂട്ട് മേരി ഓൺലൈൻ റോസറി 2020 ഒക്ടോബർ 31ന് അതിരൂപത തലത്തിൽ നടത്തി.
തൃശ്ശൂർ അതിരൂപത മെത്രപ്പോലീത്ത മാർ. ആൻഡ്രൂസ് താഴത്ത് പിതാവ് സമാപന സന്ദേശവും സഹായ മെത്രാൻ മാർ. ടോണി നീ ലങ്കാവിൽ പിതാവ് അനുഗ്രഹ പ്രഭാഷണവും നൽകികൊണ്ട് ചട ങ്ങിനെ ധന്യമാക്കി. അതിരൂപത പ്രമോട്ടർ ഫാ. ജിയോ തെക്കിനിയ ത്ത് , അസിസ്റ്റന്റ് പ്രമോട്ടർമാരായ ഫാ. ഫ്രജോ വാഴപ്പിള്ളി, ഫാ. ജിക്ക്സൺ മാളോക്കാരൻ, ഓൺലൈൻ റോസറി കോർഡിനേറ്റർ ഫെസിൻ, അനിമേറ്റർ സി. ജ്യോതിസ് അതിരൂപത പ്രസിഡന്റ് ജോമി ജോൺസൺ, സെക്രട്ടറി ജെസ്വിൻ സാജു, ട്രെഷറർ ഐജോ പൊറത്തൂർ, വിവിധ ഫൊറോന പ്രസിഡണ്ടുമാരായ ജെറിൻ, റോയ്ഡ്, അജിത്ത്, ഫെസിൻ മാത്യു, മറ്റു രൂപത ഫൊറോന ഭാര വാഹികൾ തുടങ്ങിയവർ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. രൂ പതയിലെ വിവിധ ഫൊറോനകളിൽ നിന്നായി 140ൽ പരം സി എൽ സി പ്രവർത്തകരും ഗൂഗിൾ മീറ്റ് വഴിയായി ജപമാലയിൽ ഭക്തി പൂ ർവ്വം പങ്കെടുത്തു.

2. **ജപമാല മാസാചരണം**

ഈ വർഷത്തെ ജപമാല മാസാചരണം വിവിധ ഫൊറോനകളുടെ നേതൃത്വത്തിൽ, ഗൂഗിൾ മീറ്റ്, സൂം തുടങ്ങിയ ഓൺലൈൻ പ്ലാറ്റ് ഫോമുകളുടെ സഹായത്തോടെ ഈ വർഷം ഏറെ മനോഹരമായി ഇടവകകളെ ഉൾപെടുത്തികൊണ്ട് നടത്തുകയുണ്ടായി. ഫൊറോന പ്രമോട്ടർമാരും, ഫൊറോന സി എൽ സി പ്രസിഡന്റുമാരും, ഇടവ ക സി എൽ സി യൂണിറ്റ് പ്രസിഡന്റുമാരും ജപമാലക്കു നേതൃത്വം നൽകി.

3. **മരിയോത്സവം കലാ സാഹിത്യ മത്സര വിജയികളെ പ്രഖ്യാപിച്ചു**

ഈ വർഷത്തെ മരിയോത്സവം കലാ സാഹിത്യ മത്സര വിജയികളെ, അതിരൂപത സി.എൽ.സി. പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് പ്രഖ്യാപിച്ചു. യൂട്യൂബ് ലൈവിലൂടെയാണ് വിജയികളെ പ്രഖ്യാപി ച്ചത്. മരിയോത്സവം കൺവീനർ ജീസ്സോ ലോനപ്പൻ, പ്രസിഡണ്ട് ജോമി ജോൺസൻ, സെക്രട്ടറി ജെസ്വിൻ സാജു എന്നിവർ സന്നി ഹിതരായിരുന്നു.

**മത്സര വിജയികൾ**

**കഥാ രചന**

ഒന്നാം സ്ഥാനം A13 - Irin , Kadangode
രണ്ടാം സ്ഥാനം A39 - Helmy Mariya C J, Pavaratty
മൂന്നാം സ്ഥാനം- A37 - Kripa Mary Varghese, Brahmakulam

**കവിതാ രചന**

ഒന്നാം സ്ഥാനം C45 - Janet Justin, Attapilly
രണ്ടാം സ്ഥാനം C14 - Sandhra Rose Justin, Arimpur
മൂന്നാം സ്ഥാനം C15 - Aneena Joseph , Eravu

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രമോട്ടർ

**ജോമി ജോൺസൺ**
പ്രസിഡന്റ്

**ജെസ്വിൻ സാജു**
സെക്രട്ടറി




1. **EWS ഓൺലൈൻ വെബിനാർ**

യുവജനങ്ങളുടെ ഇടയിൽ ഏറെ ചർച്ച ചെയ്യപ്പെട്ട EWS വിഷയത്തിൽ ക്ലാസ്സും, ചർച്ചയും സംഘടിപ്പിച്ചു. യുവാക്കൾക്കിടയിൽ ഏറെ നിറഞ്ഞുനിന്ന് സംശയങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് EWS നെ കുറിച്ച് വ്യക്തമായ അവബോധം യുവജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി കെ.സി.വൈ.എം. തൃശൂർ അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ഓൺലൈൻ വെബിനാർ സംഘടിപ്പിച്ചു. ഡോ. മേരി റെജീന ഉദ്ഘാടനം നിർവ്വഹിച്ചു. ജെയിംസ് ആഴ്ചങ്ങാടൻ ക്ലാസിന് നേതൃത്വം നൽകി. തൃശൂർ അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള, പ്രസിഡന്റ് സാജൻ ചിയ്യാരം, ജനറൽ സെക്രട്ടറി സാജൻ, സംസ്ഥാന സെക്രട്ടറി അനൂപ് പുന്നപ്പുഴ, സാജൻ മുണ്ടൂർ, അഖിൽ, ആനിമേറ്റർ സി. ടീന മരിയ, മറ്റ് സെക്രട്ടറിയേറ്റ് അംഗങ്ങൾ നേതൃത്വം നൽകി.

2. **Youthfire 2020 കലോത്സവം**

കെ.സി.വൈ.എം. യുവജനങ്ങളുടെ കലാ–രചനാ കഴിവുകൾക്ക് പ്രോത്സാഹനം നൽകുന്നതിനായി കെ.സി.വൈ.എം. തൃശൂർ അതിരൂപത സംഘടിപ്പിച്ച Youthfire 2020 അതിരൂപത അദ്ധ്യക്ഷൻ മാർ. ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. കോവിഡ് കാലഘട്ടത്തിൽ യുവജനങ്ങളുടെ കലാരംഗത്ത് കെ.സി.വൈ.എം. നൽകുന്ന പ്രോത്സാഹനത്തെ പിതാവ് പ്രശംസിച്ചു. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള, അതിരൂപത പ്രസിഡന്റ് സാജൻ ചിയ്യാരം, സംസ്ഥാന സെക്രട്ടറി അനൂപ് പുന്നപ്പുഴ, പ്രോഗ്രാം കൺവീനർ ഫാ. ഫെബിൻ കുത്തൂർ, ജിതിൻ പുതുക്കാട്, ജിമ മരിയ, മറ്റ് സെക്രട്ടറിയേറ്റ് അംഗങ്ങൾ നേതൃത്വം നൽകി.

3. **Youthfire 2020 കലോത്സവം ഫലപ്രഖ്യാപനം നടത്തി**

കെ.സി.വൈ.എം. യുവജനങ്ങളുടെ കലാ–രചനാ കഴിവുകൾ പ്രോത്സാഹനം നൽകുന്നതിനായി കെ.സി.വൈ.എം. തൃശൂർ അതിരൂപത സംഘടിപ്പിച്ച Youthfire 2020 ഫലപ്രഖ്യാപനം കെ.സി.വൈ.എം. യൂറ്റ്യൂബ് ചാനലിലൂടെ അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള നിർവ്വഹിച്ചു. അതിരൂപത പ്രസിഡന്റ് സാജൻ ചിയ്യാരം, പ്രോഗ്രാം കൺവീനർ ഫാ. ഫെബിൻ കുത്തൂർ, ജിതിൻ പുതുക്കാട്, ജിമ മരിയ എന്നിവർ നേതൃത്വം നൽകി.

4. **കൊന്തമാസം**

കൊന്തമാസത്തിൽ കെ.സി.വൈ.എം. തൃശൂർ അതിരൂപത സമിതിയുടെയും, 16 ഫൊറോനകളുടെയും നേതൃത്വത്തിൽ ഒക്ടോബർ മാസത്തിലെ 31 ദിവസവും ഔൺലൈൻ സംവിധാനങ്ങൾ ഉപയോഗിച്ച് അതിരൂപതയിലെ യുവജനങ്ങൾ ജപമാല സമർപ്പണം നടത്തി. അതിരൂപത–ഫൊറോന ഭാരവാഹികൾ നേതൃത്വം നൽകി.

| **സാജൻ ജോസ്** | **ഫാ. ഡിറ്റോ കൂള** | **സാജൻ ജോയ്** |
|---|---|---|
| പ്രസിഡന്റ് | ഡയറക്ടർ | സെക്രട്ടറി |




## തൃശ്ശൂർ അതിരൂപത

**1. കലാസാഹിത്യോത്സവ മത്സര വിജയികൾ**

ഒക്ടോബർ 2 ന് ഓൺലൈനായി നടന്ന KCSL തൃശ്ശൂർ അതിരൂപത കലോത്സവ മത്സര വിജയികൾ.

**1. ഭക്തിഗാനം – ആൺകുട്ടികൾ**

**UP BOYS**

| | |
|---|---|
| First | Geo Francis, St Josephs H S Enamakkal |
| Second | Heaven Steephan C, Little Flower C U P School Mammiyoor |
| Third | Antony Johnson, St Antonys H S S Ammadam |

**HS BOYS**

| | |
|---|---|
| First | Abel Nelson, St Antonys H S Pazhuvil |
| Second | Chackojoseph, St Antonys H S S Ammadam |
| Third | Elvin Joseph, St Johns H S S Parappur |

**HSS BOYS**

| | |
|---|---|
| First | Yatin Varghese Puthuran, St Thomas C H S S Thrissur |
| Second | Sharon P Sabu, Bethlehem C H S S Mukkattukara |
| Third | Stebi A R, Nirmalamatha Convent School, Eyyal |

**2. ഭക്തിഗാനം– പെൺകുട്ടികൾ**

**UP GIRLS**

| | |
|---|---|
| First | Grace Maria Joy, St Xaviers C U P S Pudukad |
| Second | Heaven Steephan C, Little Flower C U P School Mammiyoor |
| Third | Gifty Maria Paul P, SH of Marys Cghs Kandassamkadavu |

**HS GIRLS**

| | |
|---|---|
| First | Sona Sabi, St Marys C G H S Ollur |
| Second | Liya Mariya, St Clares C G H S S Thrissur |
| Third | Anna Gracious K R, Christ King C G H S S Pavaratty |

### HSS GIRLS

| | |
|---|---|
| First | Hridhya Yesudas C D Little Flower C G H S S Mammiyoor |
| Second | Ann Maria Riju, Bethlehem C H S S Mukkattukara |
| Third | Anisha Anto, St Raphaels C G H S S Ollur |

## 3. പ്രസംഗം മലയാളം

### UP SECTION

| | |
|---|---|
| First | Helen Rose, S H C G H S S Thrissur |
| Second | Anna Jaison, Little Flower C G H S S Mammiyoor |
| Second | Rose Mary John T, St Theresas Ghs Brahmakulam |
| Third | Angel Maria, Lighs Choondal |
| Third | Maby Rose, LFCUPS Mammiyoor |

### HS SECTION

| | |
|---|---|
| First | Christina Paul, Christ King C G H S S Pavaratty |
| Second | Anliya Shaji , Lighs Choondal |
| Third | Jasmine Baby, S H C G H S S Thrissur |
| Third | Ann Mariya A Joychan, St Marys H S Chengaloor |

### HSS SECTION

| | |
|---|---|
| First | Jeevan Espol, St Thomas C H S S Thrissur |
| Second | Swarna P Davis, St Antonys Hss Ammadam |
| Third | Anjana K L, Little Flower C G H S S Mammiyoor |

## 4. Quiz

### UP SECTION

| | |
|---|---|
| First | Ann Maria Baby, S H C G H S S Thrissur |
| First | Alfred Babu , St Xaviers C U P S Pudukad |
| Second | Chris Thejas Paul, St Marys C U P S Chiyyaram |
| Third | Evana Liza, St Pauls C E H S S Kuriachira |

### HS SECTION

| | |
|---|---|
| First | Helen Mary Saju, Holy Family Cghss Thrissur |
| Second | Angel Mary Varghese, S H C G H S S Thrissur |
| Third | Nikha Rose Abeen, St Clares C G H S S Thrissur |

### HSS SECTION

| | |
|---|---|
| First | Sinta C S , Little Flower C G H S S Mammiyoor |
| Second | Janice Pulicken, S H C G H S S Thrissur |
| Third | Hariyat Mariya M B, Holy Family Cghss Thrissur |

**5. ഉപന്യാസം–മലയാളം**

**UP SECTION**

| | |
|---|---|
| First | Anna Rose, Little Flower C G H S S Mammiyoor |
| Second | Ave Mariya, SH of Marys Cghs Kandassamkadavu |
| Third | Dayana Rosses Franco, St Marys Cghs Ollur |

**HS SECTION**

| | |
|---|---|
| First | Saint Ambookkan, St Marys Cghs Ollur |
| Second | Megha Thomas, Holy Family Cghss Thrissur |
| Third | Minna Jilson, St Josephs H S Enamakkal |

**HSS SECTION**

| | |
|---|---|
| First | Neelima Philip, St Raphaels C G H S S Ollur |
| Second | Melitta Phino, St Pauls C E H S S Kuriachira |
| Second | Eva Maria Johnson, S H C G H S S Thrissur |
| Third | Joseph Dennis Vadakken, St Thomas C H S S Thrissur |
| Third | Linda Lance , Holy Family Cghss Thrisൌ്യ |

**2. ബൊക്കെ മാസിക**

സ്കൂൾ തുറക്കാത്തതിനാൽ ബൊക്കെ മാസിക ഓൺലൈനായാണ് പുറത്തിറങ്ങുന്നത്. www.kcsltrichur.online എന്ന വെബ് വിലാസത്തിൽ മാസിക വായിക്കാവുന്നതാണ്. ബൊക്കെ മാസികയിലേക്ക് വിദ്യാർത്ഥി കളുടെ രചനകൾ ക്ഷണിക്കുന്നു. വിശദ വിവരത്തിന് ബൊക്കെ വെബ് കാണുക.

### 3. KCSL അതിരൂപതാദിനം

KCSL അതിരൂപതാദിനം ഡിസംബർ 5 ന് നടക്കുന്നു. വിശദവിവര ങ്ങൾ ബ്ലോഗിൽ നൽകുന്നതാണ്.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ




**1. ഓൺലൈൻ മത്സര വിജയികൾ**

23–ാം വാർഷികത്തോടനുബന്ധിച്ച് നാം സംഘടിപ്പിച്ച മത്സരങ്ങളിൽ വിജയികളായവരുടെ പേരുവിവരം താഴെ ചേർക്കുന്നു.

**1. ക്വിസ്**

I$^{st}$ ആൽമ റോസ് ചേർപ്പ്
II$^{nd}$ അലീന റോസ് സാജൻ ഒല്ലൂക്കര
III$^{rd}$ ജൂലിയ ലോജു കോടന്നൂർ

**2. പ്രസംഗം**

I$^{st}$ ആന്റണി കെ.എൽ. ചേർപ്പ്
II$^{nd}$ അഞ്ജു പരേക്കാടൻ ഒല്ലൂർ
III$^{rd}$ ആൽഫി റോസ് ചേർപ്പ്

**വ്യക്തിതലം**

I$^{st}$ ജിസ്മിൻ ജോസഫ് കോടന്നൂർ
II$^{nd}$ സിജു ഇഞ്ചോടിക്കാരൻ ചേർപ്പ്
III$^{rd}$ ജോമോൾ ജോസഫ് കോടന്നൂർ

**കുടുംബതലം**

I$^{st}$ മോളി & ഫാമിലി കോടന്നൂർ
II$^{nd}$ നിമിത & ഫാമിലി ഒല്ലൂർ
III$^{rd}$ ലോജു മോൻ & ഫാമിലി കോടന്നൂർ

വിജയികൾക്കെല്ലാം അഭിനന്ദനങ്ങൾ! സഹകരിച്ചവർക്ക് നന്ദി.

**2. സംസ്ഥാന സമ്മേളനം**

മദ്യവിരുദ്ധസമിതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഊർജ്ജിതമാക്കുന്നതിനും വേണ്ടി നവംബർ ഒന്നിന് വൈകീട്ട് 6.30 ന് എല്ലാ രൂപതാഭാരവാഹികളേയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു സൂം സമ്മേളനം സംഘടിപ്പിച്ചു. ഡയരക്ടർ, സി.പി. ഡേവീസ്, ജോസ് ചെമ്പിശ്ശേരി, അബ്രഹാം വടക്കാഞ്ചേരി തുടങ്ങിയവരാണ് പങ്കെടുത്തത്. ശ്രീ. അബ്രഹാം വാഴൂർ ആയിരുന്നു മുഖ്യപ്രഭാഷകൻ. മാർ തെയോഡേഷ്യസ് പിതാവ് ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ഡയ

രക്ടറച്ചൻ അഭിപ്രായപ്രകടനം നടത്തി. കോവിഡിന്റെ പശ്ചാത്തലം ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രവർത്തനങ്ങൾ തുടരണമെന്ന് എല്ലാവരും ഊന്നിപ്പറഞ്ഞു.

3. **പ്രൊഫ. അന്നം ജോൺസ് അനുസ്മരണം**

പ്രശസ്ത അദ്ധ്യാപികയും കരുത്തുറ്റ കൗൺസിലറും തീക്ഷ്ണമതിയായ മദ്യവിരുദ്ധ പ്രവർത്തകയുമായ പ്രൊഫ. അന്നം ജോൺസിന്റെ നിര്യാണത്തിൽ അതിരൂപത നേതൃത്വം അനുശോചിച്ചു. ഡയരക്ടർ, അബ്രഹാം, എം.കെ. ബാബു എന്നിവർ ചേർന്ന് മൃതദേഹത്തിൽ റീത്ത് ചാർത്തി ഒപ്പീസ് ചൊല്ലി. പ്രസിഡണ്ട് സി. പി. ഡേവീസിന്റെ അദ്ധ്യക്ഷതയിൽ അനുസ്മരണാദരയോഗം ചേർന്ന് അനുശോചനം പ്രകടിപ്പിച്ചു. അതിരൂപത മദ്യവിരുദ്ധസമിതിയുടെ വനിതാവിഭാഗം പ്രസിഡണ്ടായി സേവനമനുഷ്ഠിച്ച അവരുടെ ജീവിതം മാതൃകാപരവും പ്രചോദനാത്മകവുമാണ്. പരേതയുടെ ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

**ശ്രീ. ജോസ് വടക്കേത്തല**
പി.ആർ.ഒ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ




# ചിൽഡ്രൻസ് മിനിസ്ട്രി

**1. ഓൺലൈൻ മത്സരങ്ങൾ**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നഴ്സറി മുതൽ 12 വരെയുള്ള കുട്ടികൾക്കായി സംഘടിപ്പിച്ച ഓൺലൈൻ കലോത്സവത്തിൽ 5800 ൽ പരം കുട്ടികളും ഓൺലൈൻ സാഹിത്യോത്സവത്തിൽ 1800 ൽ പരം കുട്ടികളും പങ്കെടുത്തു. കുട്ടികളെ മത്സരങ്ങൾക്കായി ഒരുക്കുകയും

പ്രോത്സാഹിപ്പിക്കുകയും ചെയ്ത ബഹു.വികാരിയച്ചന്മാർക്കും സിസ്റ്റേഴ്സിനും വിശ്വാസപരിശീലന അധ്യാപകർക്കും, ചിൽഡ്രൻസ് മിനിസ്ട്രി ആനിമേറ്റേഴ്സിനും മാതാപിതാക്കൾക്കും പ്രത്യേകം നന്ദി. സമ്മാനർഹരായവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

**2. അമ്മയ്ക്കൊരു ഗ്രോട്ടോ**

ജപമാലമാസാചരണത്തിന്റെ ഭാഗമായി 12 ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി സംഘടിപ്പിച്ച അമ്മയ്ക്കൊരു ഗ്രോട്ടോ എന്ന മത്സരത്തിൽ 873 കുടുംബങ്ങളിൽ നന്നായി കുട്ടികൾ പങ്കെടുത്തു. കുട്ടികളെ പ്രോത്സാഹിപ്പിച്ച എല്ലാവർക്കും പ്രത്യേകം നന്ദി. സമ്മാനർഹരായവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ. മത്സരഫലം ഡിസംബർ ലക്കം കത്തോലിക്കാസഭ പത്രത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**3. പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടുത്തെ ഏൽപ്പിക്കുവിൻ. അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്.
(1 പത്രോ 5,6)

**സുകൃതജപം :** എന്റെ ഉണ്ണീശോയെ എന്റെ ഹൃദയത്തിൽ വാഴണമേ

**പ്രാർത്ഥനാ നിയോഗം :**കോവിഡ് എന്ന മഹാമാരി മാറുന്നതിനു വേണ്ടി

**പ്രവർത്തിക്കാൻ** : നോമ്പ് കാലത്ത് എല്ലാ ദിവസവും മുടങ്ങാതെ വി. ബലിയിൽ (ഓൺലൈനിലെങ്കിലും) സജീവമായി പങ്കെടുക്കുക

**പരിചയപ്പെടുന്ന വിശുദ്ധൻ :** കുരിശിന്റെ വി.യോഹന്നാൻ (ഡിസംബർ 14)

**സി. ബീന റോസ്**
എസ്.എസ്.പി.സി.
കോർഡിനേറ്റർ

**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
ഡയറക്ടർ

# സെന്റ് മേരീസ് ഐ. ടി. സി. & തൊഴിലഭ്യസനപീഠം

1. **അഡ്മിഷൻ അവസാന ഘട്ടത്തിലേക്ക്**

തൃശ്ശൂർഅതിരൂപത I. T. I. കളിൽ Mechanic Motor Vehicle, Electrician, Machinist, Electronic Mechanic, Fitter, Draughtsman Civil, Mechanic Diesel, Welder എന്നീ ട്രേഡുകളിലേക്ക് അഡ്മിഷൻതുടരുന്നു. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക. Ph. No. 9446901803, 9446724923

## തൊഴിൽഅഭ്യസന പീഠം I. T. I.

1. **പെൺകുട്ടികൾക്ക് ഫീസിളവ്**

Draughtsman Civil, Electronic Mechanic എന്നീ ട്രേഡുകളിലേക്ക് 50 ശതമാനം ഫീസിളവോടെ പെൺകുട്ടികൾക്ക് ഈ വർഷം പ്രവേശനം നൽകുവാൻ തീരുമാനിച്ചു. തദ്ദേശ്ശസ്വയം ഭരണ സ്ഥാപനങ്ങൾ ഉൾപെടെ ഒട്ടേറെ സർക്കാർ മേഖലകളിലും പ്രൈവറ്റ് സ്ഥാപനങ്ങളിലും തൊഴിൽ അവസരമുള്ള ഈ കോഴ്സുകളിൽ പെൺകുട്ടികളുടെ പ്രാതിനിധ്യം ഉറപ്പാക്കി വനിതാശാക്തീകരണം എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ഈ നടപടി.

## സെന്റ് മേരീസ് I. T. I.

ഇന്ത്യയൊട്ടാകെ നടത്തപ്പെടുന്ന I. T. I.ഗ്രേഡിംഗ് ഫേസ് II ൽ സെന്റ് മേരീസ് I. T. I. 2.11 പോയിന്റ് കരസ്ഥമാക്കി. ഫേസ് II ൽ ആദ്യകോർ ഗ്രേഡിംഗ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ രണ്ടാം സ്ഥാനത്തും കേരളത്തിൽ ഏഴാം സ്ഥാനത്തുമാണ് I. T. I.

**മോൺ. തോമസ് കാക്കശ്ശേരി**
മാനേജർ

**ഫാ. വർഗ്ഗീസ് എടക്കളത്തൂർ**
അസി. മാനേജർ

**ഫാ. തോമസ് പൂപ്പാടി**
അസി. മാനേജർ

# MEDIA CATHOLICA

*The visual media platform of the Archdiocese of Trichur*

തൃശ്ശൂർ അതിരൂപതയുടെ മീഡിയകമ്മീഷന്റെ കീഴിൽ വരുന്ന ഔദ്യോഗിക മാധ്യമ സംരഭമാണ് മീഡിയ കത്തോലിക്ക. അതിരൂപതതലത്തിലുള്ള പൊതുവായ പ്രവർത്തനങ്ങളും ഇടവകകളിലെ വാർത്താപ്രാധാന്യമുള്ള വിഷയങ്ങളും (LIVE Telecasting ഉൾപ്പടെ) അതിരൂപതയിലെ മുഴുവൻ ദൈവജനത്തിലേക്കും എത്തിക്കുകയാണ് മീഡിയ കത്തോലിക്കയുടെ ലക്ഷ്യം. കോവിഡ് 19 ന്റെ പ്രത്യേകസാഹചര്യത്തിൽ അതിരൂപത കേന്ദ്രത്തിൽ നിന്നും എല്ലാ ദിവസവും വി. കുർബാനയും മതബോധന ക്ലാസുകളും സംപ്രേഷണം ചെയ്യുന്നുണ്ട്. മാധ്യമമേഖലയിൽ നമ്മുടെ ഇടവകകളെയും സ്ഥാപനങ്ങളെയും സഹായിക്കാൻ മീഡിയ കത്തോലിക്കയും സ്റ്റുഡിയോയും സജ്ജമാണ്.

**മീഡിയ കത്തോലിക്കയിലൂടെ പ്രക്ഷേപണം ചെയ്യുന്ന പ്രധാന പരിപാടികൾ**

- **MC NEWS** (കാലിക പ്രാധാന്യമുള്ള വാർത്തകൾ)
- **കടുക് Web Series**
- **JEC TALKS** (സങ്കേതിക അറിവുകൾ)
- **MC KIDS** (കുട്ടികളുടെ പ്രോഗ്രാം )
- **MUSICAL COVER SONGS**
- **LIVE MASS**
- **MC CREATIVITY** (ക്രിയാത്മകമായ കഴിവുകൾ)
- **MC FAITH** (വിശ്വാസസംബന്ധമായ വിഷയങ്ങൾ)
- **HEALING HANDS** (ആരോഗ്യപരമായ കാര്യങ്ങൾ)



For MC Studio Enquiries:
Rev. Dr. Daijo Poruthur
9497805085

**Rev. Dr. Biju Alappat** (Director)
**Rev. Fr. Pratheesh Kallarakkal** (Co-ordinator)

**75 10 85 1887** (for all enquiries)

mediacatholica@gmail.com /mediacatholica


**മീഡിയ കത്തോലിക്ക ചാനൽ എങ്ങനെ സബ്സ്ക്രൈബ് ചെയ്യാം?**



Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.11.2020
**December- 2020**



**Immaculate Conception of Our Lady**
**Patroness of the Archeparchy of Trichur**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor